മാനം ഉണ്ടായിട്ടില്ല. ഇപ്പോഴത്തെ നയം ആശാസ്യമായിരിക്കുന്നില്ല. അതു് ഭേദപ്പെടുത്തേണ്ട ആവശ്യമുണ്ടെങ്കിൽ ഏതു പ്രകാരമാണു് ഭേദപ്പെടുത്തേണ്ടതെന്നു വളരെ ആലോചിച്ചതിനുമേലല്ലാതെ ഒരു ഖണ്ഡിതമായ തീരുമാനമുണ്ടാക്കാൻ സാധിക്കുകയില്ല എന്നാണു വിദ്യാഭ്യാസവിദഗ്ദ്ധന്മാർ പലപ്പോഴും പറയാറുള്ളതു്. ഈ നയം തൊഴിലില്ലാത്തവരുടെ സംഖ്യ വളരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും, ഇപ്പോഴത്തെ സാമാന്യവിദ്യാഭ്യാസത്തോടുകൂടി ഏതെങ്കിലും തൊഴിൽ പരിശീലനംകൂടി ഏർപ്പെടുത്തിയാൽ കുറേക്കൂടി നന്നായിരിക്കുമെന്നും, അതുകൊണ്ടു് രാജ്യത്തെ വ്യവസായവും, സാമ്പത്തികാവസ്ഥയും വർദ്ധിക്കുമെന്നും, അതിലേക്കുള്ള ശരിയായപദ്ധതി രൂപീകരിക്കണമെന്നും ഏതാണ്ടു മേധാവികൾ അഭിപ്രായപ്പെട്ടു എങ്കിലും, അതിലേക്കുള്ള പ്രാരംഭവേലപോലും ഇതുവരെനടത്തുന്നതിനിടയായിട്ടില്ല. ഇംഗ്ലീഷ്വിദ്യാഭ്യാസത്തെ സംബന്ധിച്ചു ഇപ്പോൾ മാതൃഭാഷയെ സംബന്ധിച്ചിടത്തോളമുള്ള ഒരു അലക്ഷ്യം കാണുന്നില്ലായെന്നുള്ളതു് പരമാർത്ഥംതന്നെ. ഇംഗ്ലീഷ്വിദ്യാഭ്യാസംകൊണ്ടു് അതായതു് ബി. എ. അല്ലെങ്കിൽ ബി. എൽ. പരീക്ഷയിലൊ വിജയിക്കുന്നതുകൊണ്ടുമാത്രം ഇപ്പോഴത്തെ സാമ്പത്തികനിലയ്ക്കു ഒരിക്കലും പര്യാപ്തമാകുന്നില്ലായെന്നും, ഇങ്ങനെയുള്ള പരീക്ഷാവിജയികളുടെ സംഖ്യ അണ്ടിതോറും വർദ്ധിച്ചുവരുന്നതുകൊണ്ടു് പലവിധമായ സാമുദായികമത്സരങ്ങൾക്കും മറ്റും ഇടവരുന്നുണ്ടെന്നും, അതുകൊണ്ടു് ഏതെങ്കിലുംതൊഴിൽ പരിശീലനം അത്യാവശ്യമാണെന്നും, പരീക്ഷാവിജയം ഉദ്യോഗലബ്ധിക്കായി അരുതു ചെയ്യരുതെന്നും, അങ്ങനെ ചെയ്യുന്നതായാൽ ഇപ്പോഴത്തേക്കാൾ നിരാശയ്ക്കു വകയുള്ളയെന്നും, ഇപ്പോൾ പല ഉദ്യോഗത്തിലും ഇരിക്കുന്നതിന് ഭാഗ്യം സിദ്ധിച്ചിട്ടുള്ള മഹാത്മാക്കൾ പറഞ്ഞുവരാറുണ്ടു്. എന്നാൽ അവർക്കും, അവരെ സംബന്ധിച്ച ആളുകൾക്കും ഇങ്ങനെയുള്ള ഒരു ഘട്ടം വരുമ്പോൾ ഇപ്രകാരം ഒരു സമാധാനം പറയുന്നു എങ്കിലും ഗവണ്മെൻറ് സർവീസിൽ പ്രവേശനം കിട്ടുന്നതിനു് ഉത്സാഹിക്കാതിരിക്കുന്നുമില്ല.

ഏതായാലും ഇംഗ്ലീഷ്വിദ്യാഭ്യാസം ഇപ്പോഴത്തെ സ്ഥിതിയ്ക്കു ഒരിക്കലും ഉപേക്ഷിക്കത്തക്കതല്ല. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടല്ലാതെ രാജ്യത്തിലെ ഏതുപ്രാമാണ്യമുള്ള പദ്ധതികളിലും പ്രവേശിക്കുന്നതിനോ ആ പദ്ധതികളിൽ ഏതെങ്കിലും ഒരുസ്ഥാനമുണ്ടെന്നു ആരെങ്കിലും ഗണിക്കുന്നതിനോ സാദ്ധ്യമല്ലായെന്നുസ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. എത്രയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാലും അവരവരെ സംബന്ധിച്ചുള്ള കാര്യംവരുമ്പോൾ മറ്റുള്ളതെല്ലാം വിസ്മരിച്ച് അതിലേക്കുതന്നെയാണ് തങ്ങളുടെ കുട്ടികളെ ഇപ്പോൾ പരിശീലിപ്പിക്കുന്നതിന് ഉദ്യമിച്ചു വരുന്നത്. അതുപോകട്ടെ. മാതൃഭാഷയെസംബന്ധിച്ചു നോക്കുന്നപക്ഷം ഗവണ്മെൻറിന്റെ പല പ്രാഖ്യാപനങ്ങളിലും അതിനു ഉൽകൃഷ്ടമായ സ്ഥാനം കൊടുക്കേണ്ടതാണെന്നും, അതിനെ ഒരുകാലത്തും അവഗണിക്കരുതെന്നും, മാതൃഭാഷയെ അഭിവൃദ്ധിപ്പെടുത്തേണ്ടതാണെന്നും കാണിച്ചിട്ടുണ്ട്. അതു കേവലം ഗ്രന്ഥത്തിലേ ഒരു മുദ്രാവാക്യമെന്നല്ലാതെ അതിനെ പ്രായോഗികമായ നിലയിൽ കൊണ്ടുവരാതിരിക്കുന്നതു് ഏറ്റവും പരിതാപകരമായ അവസ്ഥയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഉള്ളവരും ഇല്ലാത്തവരുമായി മുഖ്യപരീക്ഷമുതലായ പരീക്ഷകളിൽ വിജയികളായി വന്നിട്ടുള്ള അധികം ആളുകളെ ഇംഗ്ലീഷ് വിദ്യാലയങ്ങളിലെ മുൻഷിമാരായും മറ്റും നിയമിച്ചിട്ടുണ്ട്. അവർക്ക് പരിഷ്ക്കാരകാലത്തു് ശമ്പളത്തിൽ ഒരു സ്റ്റെയിലും നിർദ്ദേശിച്ചിരുന്നു. ഇടക്കാലത്തു് അതിനെ ഭേദപ്പെടുത്തി അവരെ എത്രത്തോളം നിരാശപ്പെടുത്താമോ അത്രത്തോളവും ചെയ്തിട്ടുണ്ട്. അതിനുംപുറമെ അവരെ നിയമിക്കേണ്ടതായ സ്ഥാനങ്ങളിലെല്ലാം ബി. എ. ബിരുദധാരികളെ നിയമിച്ചു് മറവരുടെ പ്രോത്സാഹനത്തെ തടയുകയും ചെയ്യുന്നു. എന്നാൽ ഇംഗ്ലീഷ് ഭാഷയിൽവൈദഗ്ധ്യമുള്ള ബി. എ. ബിരുദധാരികളും ഉണ്ടെങ്കിലും അവർക്കു മലയാളം പഠിപ്പിക്കുന്നതിലേക്ക് ഹയർ പരീക്ഷാവിജയികളെപോലെ സാമർത്ഥ്യമുണ്ടെന്നു വിശ്വസിക്കാൻ ന്യായമില്ല.

ഇങ്ങനെ വരുമ്പോൾ—

MR. R. RAMAN PILLAI (*Kottayam*): ഹയർ പരീക്ഷാവിജയികളും എന്നു് പറഞ്ഞതു് ഇപ്പോഴത്തെ ഹയർ പരീക്ഷയൊ പഴയ ഹയർപരീക്ഷയൊ ഏതാണു് മെമ്പർ ഉദ്ദേശിക്കുന്നതു്?

MR. V. S. KRISHNA PILLAI (*Tiruvalla*): ഇപ്പോഴത്തെ ഹയർപരീക്ഷാവിജയികൾക്കു് പഴയ ഹയർ പരീക്ഷാവിജയികളെപ്പോലെതന്നെ ഭാഷാജ്ഞാനം ഉണ്ടെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

MR. R. RAMAN PILLAI (*Kottayam*): അവർക്ക് കാളേജിൽ ഇരിക്കുന്നതിനു് തരമുണ്ടോ?

MR. V. S. KRISHNA PILLAI (*Tiruvalla*): ഹയർപരീക്ഷാവിജയികൾ മലയാളഭാഷയിൽ പാണ്ഡിത്യമുള്ളവരെന്നാണു് ഞാൻ വിചാരിക്കുന്നതു്. അവർക്ക് ഗവണ്മെൻറു് ആദ്യമായി നിർദ്ദേശിച്ചിട്ടുള്ള ശമ്പളവും

LIBRARY ARCHIVES Kerala Legislative Assembly

സ്സെയിലും കൊടുക്കാതെ അവരെ നിരാശപ്പെടുത്തിയിരിക്കുന്നതുകൊണ്ടു മാതൃഭാഷയെ സംബന്ധിച്ചു ഗവണ്മെൻറിനുള്ള അഗണ്യതയേക്കൂടി ഇവിടെ പ്രദർശിപ്പിക്കുന്നു.

അതുപോലെതന്നെ, ഡ്രായിംഗ്മാസ്റ്ററന്മാരേ സംബന്ധിച്ച് ഇപ്പോഴത്തെ സ്കീമിൽ അധികം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അവർക്കു മാതൃഭാഷയിൽ ഏതെല്ലാംപ്രകാരത്തിലുള്ള വൈദഗ്ദ്ധ്യം ഉണ്ടെങ്കിലും ഇംഗ്ലീഷുഭാഷാപരിജ്ഞാനക്കുറവിനെ വലിയ കുറവായിതന്നെ ഗണിച്ചായിരിക്കണം അവരെ അഗണ്യകോടിയിൽ തള്ളിയിരിക്കുന്നത്.

PRESIDENT: Mr Krishna Pillai, you have taken more than your time; you have taken much more time than you ought have taken.

MR. V.S. KRISHNA PILLAI (*Tiruvalla*): അതുകൊണ്ടു വിദ്യാഭ്യാസനയ വാദപ്രതിവാദത്തെ ഏതെങ്കിലും പ്രകാരത്തിൽ അവസാനിപ്പിച്ചു പ്രായോഗികമായ ഒരു പദ്ധതി രൂപീകരിക്കുന്നതിനു ഇപ്പോഴത്തെ പുതിയ ഡയറക്ടരും മറ്റു മേധാവികളും കഴിയുന്നതും ശ്രമിക്കുന്നപക്ഷം ഇതേവരെയുള്ള വിദ്യാഭ്യാസ പദ്ധതിയിലെ ന്യൂനതകൾക്ക് ഒരുപരിഹാരമുണ്ടാകുമെന്നും, ഗവണ്മെൻറു അതിന് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു.

MR. R. RAMAN PILLAI (*Kottayam*): ഈ സഭയുടെ പര്യാലോചനക്കു വിഷയമായിരിക്കുന്ന ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. നമ്മുടെ മാതൃഭാഷാഭ്യസനത്തിൻെറ രീതിതന്നെ നമ്മെ പച്ചപരദേശിയാക്കിത്തീർക്കുന്നു. തിരുവിതാംകൂറിൻെറ ഭൂമിശാസ്ത്രംപോലും വഴിയാംവണ്ണം പഠിപ്പിക്കുന്നില്ല രാജ്യത്തിൻെറ ചരിത്രമാണെങ്കിൽ അതു് ലവലേശമില്ലെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഏഷ്യ, യൂറോപ്പ്, ഇംഗ്ലണ്ട്, ഗ്രീസ്, റോമാ മുതലായ രാജ്യങ്ങളുടെ ചരിത്രം ഭംഗിയായിട്ടു് നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്തിൻെറചരിത്രത്തിനു് പകരം ചില കഥകൾ മതിഎന്നു് വച്ചിരിക്കുന്നു. ഇങ്ങനെയുള്ള കഥാപഠനംകൊണ്ടു് നമ്മുടെ പൂർവ്വികന്മാരുടെ അവസ്ഥ എന്തായിരുന്നു എന്നു് വഴിയാംവണ്ണം മനസ്സിലാക്കാൻ സാധിക്കുകയില്ല. നമ്മുടെ ഭൂമിയുടെ ശാസ്ത്രംതന്നെ നോക്കിയാൽ ചില സ്ഥലങ്ങളുടേയും നദികളുടേയും പേരുകൾമാത്രം നമ്മുടെ വിദ്യാർത്ഥികൾ പഠിച്ചിട്ടുണ്ടെന്നല്ലാതെ, ഭൂമി ഏതു് വിധം ഉള്ളതാണു്, അതിൽനിന്നു് ഏതെല്ലാം ആദായം എങ്ങനെ ഉണ്ടാകുന്നു എന്നും മറ്റും ഉള്ള സംഗതികൾ വിദ്യാർത്ഥികൾക്കു് ബോധം വരത്തക്കവണ്ണമുള്ള യാതൊരഭ്യസനരീതിയും ഏർ

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Raman Pillai.]

പ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ സാരമായ ഭേദഗതികൾ വരുത്തേണ്ട അത്യാവശ്യമുണ്ട്. ചരിത്രവും ഭൂമിശാസ്ത്രവും എഴുതിക്കാൻ പ്രത്യേകം വ്യവസ്ഥചെയ്യുകയും അടുത്തസ്കൂൾ വർഷാരംഭം മുതൽതന്നെ അവയെ പള്ളിക്കൂടങ്ങളിൽ ഉപയോഗിക്കുന്നതിന് ഏർപ്പാടു ചെയ്യുകയും ചെയ്യണം. വിദ്യാഭ്യാസരീതിയെ ഒന്നുകൂടി നന്നാക്കാൻ ശ്രമിക്കേണ്ടതാണ്. ഇപ്പോഴത്തെ പ്രാഥമികവിദ്യാലയങ്ങളുടെ അവസ്ഥ വളരെ ശോചനീയമാണ്. നമ്മുടെനാട്ടിലെ വിദ്യാഭ്യാസചിലവിന്റെ വാസ്തവം ആലോചിച്ചാൽ അതു് അങ്ങേഅറ്റത്തു് ആയിട്ടുണ്ട്. അതു നിമിത്തം ഗവണ്മെൻറിന്റെ ഭണ്ഡാരം നന്നാകത്തക്കവിധം എന്തെങ്കിലും ആദായം ഗവണ്മെൻറിനുണ്ടാകുമോ എന്നു് ഞാൻ ബലമായി സംശയിക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളും ഇംഗ്ലീഷ്ഭാഷാഭ്യാസനം നടത്തിവരുന്ന സ്കൂളുകളും ജനങ്ങൾക്കു് സ്വന്തമായി നടത്തുന്നതിന് വിട്ടുകൊടുക്കണം. അങ്ങനെ കൊടുക്കുന്നതിൽ ഓരോ വർഗ്ഗക്കാർക്കും പ്രത്യേകം പ്രത്യേകം കൊടുക്കുന്നതു് നാനാജാതി മതസ്ഥന്മാരുള്ള ഈ രാജ്യത്തുനന്നായിരിക്കുമോ എന്നു സംശയിക്കുന്നു. സ്കൂൾ ഏതുമതക്കാരന്റെ അധീനത്തിലിരിക്കുന്നുവൊ ആ മതത്തെ ആ സ്കൂളിലുള്ള വിദ്യാർത്ഥികളിൽ നിർബന്ധമായി സ്ഥിരപ്പെടുത്തുന്നതിന് വേണ്ടിശ്രമം ചെയ്യുവരുന്നു. — ഇതര മതസ്ഥന്മാർക്കു അനദ്ധ്യായദിവസങ്ങളെക്കൂടി ഇവർ അനദ്ധ്യായദിവസം ആയി ഗണിക്കപ്പെടുന്നില്ല. അതു് മതബോധത്തിന് പ്രത്യേകം ഹാനിവരുത്തുന്ന ഒരു സംഗതിയാണു്. അതിനാൽ ഓരോ താലൂക്കിലും വിദ്യാഭ്യാസ ബോർഡുകൾ സ്ഥാപിച്ചു് അതിന്റെ ഭരണത്തിൻ കീഴിൽ ഇനിമേൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന്നുവേണ്ടവ്യവസ്ഥ ചെയ്യേണ്ടതു് അത്യാവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഓരോ സ്ഥലങ്ങളിലും——

MR. R. RAMAN PILLAI (*Kottayam*): ഇപ്പോൾ അതുതന്നെ ചോദ്യം ചോദിച്ചാലും മറുപടിപറയാൻ ഞാൻ നിശ്ചയിച്ചിട്ടില്ല.

ഇങ്ങിനെ ഓരോവർഗ്ഗങ്ങളുടേയും വിദ്യാലയങ്ങളിൽ മതത്തിലുള്ള പ്രത്യേകവിചാരംനിമിത്തം അന്യമതക്കാർക്കുമതബോധത്തിന് കുറവു വരുത്തുന്നുണ്ട്. അങ്ങനെയുള്ള ദുഷ്യത്തെ പരിഹരിക്കേണ്ടതു് ഗവണ്മെൻറിന്റെ മുമതലയാണു്; അതുകൊണ്ട് ഏതെങ്കിലും ഒരു സമുദായത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയത്തിന് ഗവണ്മെന്റ് അനുവാദംകൊടുക്കുന്നതിനോ അതിനു വേണ്ടസഹായധനം കൊടുക്കുന്നതിനോ ഞാൻ വിരോധിയാണെന്ന് ഒരു സമുദായത്തിലെ അംഗങ്ങളും വിചാരിച്ചുപോകരുതു. എനിക്കതിന് യാതൊരുവിരോധവുമില്ല.

ഏതു് സമുദായം നടത്തുന്നസ്കൂളാണെന്നോ, ആസ്കൂളിൽ ആജാതിയിൽപെട്ട അദ്ധ്യാപകന്മാരെ മാത്രമെ നിയമിക്കുന്നുള്ളു. അഥവാ ഇതരസമുദായത്തിൽനിന്നും വല്ലവരെയും നിയമിച്ചിട്ടുണ്ടെങ്കിൽ സ്വന്തസമുദായത്തിൽനിന്നും ആളുകിട്ടുമ്പോൾ മറ്റൊരാളെ ഉടനെ പിരിച്ചയക്കുന്ന ഗ്രാന്റു വിദ്യാലയങ്ങളുടെ അദ്ധ്യാപകന്മാർക്കു കൊടുക്കപ്പെടുന്ന ഗ്രാന്റ് എല്ലാസമുദായങ്ങളുംകൂടി പ്രയത്നിച്ചുണ്ടാക്കുന്ന പണമാണ്. അതുകൊണ്ടു് എല്ലാസമുദായക്കാർക്കും ഗ്രാന്റു വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരായിരിക്കുന്നതിന് അവകാശമുണ്ടു്. ഈ വിദ്യാലയങ്ങളെഎല്ലാം ബോർഡിന്റെ കീഴിൽ സ്ഥാപിക്കുന്നതായാൽ ഈ ഉപദ്രവങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും. ഈകാരണങ്ങളാൽ ഒരു ബോർഡു് സ്ഥാപിച്ചു് ഇനിമേൽ അനുവദിക്കുന്നവിദ്യാലയങ്ങളെഎല്ലാം ആ ബോർഡിന്റെ ഭരണത്തിൻ കീഴിലാക്കണം. ഇപ്പോൾ ഗ്രാന്റുകൊടുക്കുന്നധനം മുഴുവനും ഗ്രാന്റുസ്കൂളിലെ അദ്ധ്യാപകന്മാർക്കു കിട്ടിവരുന്നില്ലഎന്നുള്ളതു് എനിക്കു ധാരാളമായും സൂക്ഷ്മമായും അറിയാവുന്നതാണ്.

MR. MATTHEW MURIKKAN (*Vaikom*) : എവിടെയാണ് ഇങ്ങനെ നടക്കുന്നതു്?

MR. R. RAMAN PILLAI (*Kottayam*): ഇപ്പോൾ അതിനു മറുപടിഇല്ല. കോട്ടയത്തല്ല, വൈക്കത്തല്ല, ആലുവാമുതൽ കന്യാകുമാരിവരെ, അങ്ങിനെ നടക്കുന്നുണ്ടെന്നു് ഞാൻ ബോധ്യപ്പെടുത്തിക്കൊടുക്കാൻ തയ്യാറാണ്. ഈവക ദുഷ്യങ്ങളെ പരിഹരിക്കുന്നതിന് ബോർഡു് സ്ഥാപിക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. സമയംപോയിഎന്ന് അദ്ധ്യക്ഷൻ അവർകളും പറയുന്നതുകൊണ്ടു് ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

MR. R. KESAVA PILLAI (*Kottarakara cum Kunnathur*): ഓരോ മതക്കാർക്കും ഓരോസ്ഥലങ്ങളിൽ സ്കൂളിനു അനുവാദം കൊടുക്കണമെന്നാണോ പറയുന്നതു്?

MR. R. RAMAN PILLAI (*Kottayam*): അങ്ങിനെ അല്ല. ബോർഡു് സ്ഥാപിച്ചു അവയെ ബോർഡിന്റെ കീഴിൽ ആക്കണമെന്നാണു് ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. MADHAVAN(*Nominated*): நாகர்கோவில் ஸால்வேஷன் ஆர்மி ஸ்கூலில் ஒரு வெள்ளாளன் எட்மாஸ்டராகவும், ஒரு பிராமணன் அஸிஸ்டென்டாகவும் அநேக வருஷமாக வேலை செய்து வருவது மெம்பருக்கு தெரியுமோ?

MR. R. RAMAN PILLAI (*Kottayam*): ഒന്നും തന്നെ ഇല്ലെന്ന ഞാൻ പറഞ്ഞില്ല. യോഗ്യതയായി നടത്തുന്ന ആളുകളും ഉണ്ട്.

MR. K. MADHAVAN (*Nominated*): நாகர்கோவில் L. M. S. காலேஜில் ஸையன்ஸ் மாஸ்டரும் மற்றும் சில உயர்ந்தவகுப்பு வாத்தியார்களும் அநேக காலமாக வேலை செய்கிறார்களென்று மெம்பருக்குத் தெரியுமா?

MR. R. RAMAN PILLAI (*Kottayam*): അങ്ങനെ പലവിദ്യാലയങ്ങളിലും ഉള്ളതായി അറിയാം.

MR. MATTHEW MURIKKAN (*Vaikom*) : അതിലേക്കുള്ള പ്രതിവിധി എന്താണ്? ഒരു ബോർഡിന്റെ അധീനതയിൽ ഈ പള്ളിക്കൂടങ്ങളും സ്ഥാപിച്ചാൽ ശരിയാകുമോ?

MR. R. RAMAN PILLAI (*Kottayam*): ബോർഡ് സ്ഥാപിച്ച ബോർഡിന്റെകീഴിൽ ആക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. MURUVELIL PACHU PILLAI (*Shertallai*): എല്ലാജാതിക്കാരും ബോർഡിൽ അംഗങ്ങളാ ആയിരിക്കണമെന്നില്ലേ?

MR. R. RAMAN PILLAI (*Kottayam*) : എല്ലാജാതിക്കാരിൽനിന്നും സാധിക്കുകയില്ല. എല്ലാമതക്കാരേയും ഉൾപ്പെടുത്തിയാൽകൊള്ളാം.

MR. P. S. MAHOMED (*Nominated*): വഗ്ദീയപ്രാതിനിധ്യം ദുഷിച്ചുതിന്റെ ഫലമല്ലെ ഇങ്ങിനെപ്രവർത്തിക്കുന്നത്?

MR. R. RAMAN PILLAI (*Kottayam*): അതുകൊണ്ടാണ് ബോർഡ് വേണമെന്ന് പറഞ്ഞത്.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): ആയുർവേദബോർഡുപോലെയാണൊ?

MR. R. RAMAN PILLAI (*Kottayam*): വിദേശങ്ങളിൽ താലൂക്കുബോർഡ്, ഡിസ്ട്രിക്ട് ബോർഡ് ഇവകളുടെ രീതിഎന്താണെന്നു എന്റെ സ്നേഹിതന് അറിയാമെന്നാണു ഞാൻ വിശ്വസിക്കുന്നത്. അതുകൊണ്ട് അതിനെപ്പറ്റി പറയണമെന്നു വിചാരിക്കുന്നില്ല.

MR. V. S. KRISHNA PILLAI (*Tiruvalla*): അനുവദിച്ചിട്ടുള്ള ഗ്രാന്റു മുഴുവനുംകൊടുക്കുന്നില്ലഎന്ന് പറഞ്ഞത് എവിടെയാണെന്നുപറയുമോ?

MR. R. RAMAN PILLAI (*Kottayam*): ഞാൻ താമസിക്കുന്നസ്ഥലത്ത് വൈകുന്നേരം വന്നാൽ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

MR. A. C. KURIAKOSE (*Minachil cum Devikolam*): അനുവദിക്കുന്ന ഗ്രാൻറ് അദ്ധ്യാപകന്മാക്കു ശരിയായികൊടുക്കുന്നില്ലെന്ന് പറഞ്ഞു. എന്നാൽ വിദ്യാശാലകൾക്കു അനുവദിക്കുന്ന ഗ്രാൻറ് മുഴുവനും അദ്ധ്യാപകന്മാക്കു വീതിച്ചുകൊടുക്കുന്നതിനായിട്ടു മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണൊ, അതല്ല മറ്റു ആവശ്യങ്ങൾക്കുംക്കൂടിയാണൊ?

MR. R. RAMAN PILLAI (*Kottayam*): അദ്ധ്യാപകന്മാരുടെ വകയ്ക്കു അനുവദിക്കുന്ന ഗ്രാൻറ് അദ്ധ്യാപകന്മാക്കുതന്നെ കൊടുക്കേണ്ടതാണു്.

MR. A. C. KURIAKOSE (*Minachil cum Devicolam*): അങ്ങിനെ അദ്ധ്യാപകന്മാക്കുമാത്രം ഗ്രാൻറു കൊടുക്കുന്നതു് ഏതുതരം പാഠശാലകളിലാണു് നടപ്പിലിരിക്കുന്നതു് എന്നറിയാമൊ?

MR. R. RAMAN PILLAI (*Kottayam*): എല്ലാപാഠശാലകളിലും നടക്കുന്നുണ്ടു്.

MR. V. J. OOMMEN (*Commerce and Industry, North*): ഈ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. ആണ്ടുതോറും വിദ്യാഭ്യാസച്ചിലവിലേയ്ക്കു രാജ്യത്തിൻെറ മുതലെടുപ്പിൽ അഞ്ചിലൊരുഭാഗമായ അരക്കോടിരൂപാ ചിലവാക്കിക്കൊണ്ടിരിക്കുന്നു. ഒരു നിലയിൽ ഇതു വമ്പിച്ചതുക ചിലവാക്കുന്നതിനു നമ്മുടെ രാജ്യത്തിനു ശക്തിയുണ്ടോ എന്നു എനിക്കുവളരെ സംശയമാണു്. ഇങ്ങനെ ഭീമമായ സംഖ്യ ചിലവാക്കിയുണ്ടായിട്ടുള്ള ഒരു വിദ്യാഭ്യാസംനിമിത്തം തൊഴിലില്ലായ്മ കൂടിവരുന്നു എന്നല്ലാതെ അതുകൊണ്ടു വിശേഷമായ ഗുണം സിദ്ധിക്കുന്നുഎന്നുള്ള വിശ്വാസം എനിക്കു് അശേഷമില്ല. അതിനാൽ മേലാലെങ്കിലും ഒരു ചിലവിനെ കുറച്ചുകൊണ്ടുപോകുന്നതിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നു കണ്ടുപിടിക്കേണ്ടചുമതല ഗവണ്മെൻറിനാണുള്ളതു്. നിവർത്തിയുള്ളടത്തോളം സ്കൂളുകൾ ഗവണ്മെൻറിൽനിന്നും മേലാൽ ഉണ്ടാക്കുന്നതിനു ശ്രമിക്കാതെ തക്കതായിട്ടുള്ള പ്രൈവറ്റ് ഏജൻസികൾ പുതിയ സ്കൂളുകൾ തുടങ്ങുന്നതിനു സന്നദ്ധരാണെന്നു കണ്ടാൽ അവക്കു വേണ്ട ഒത്താശകൾ ഗവണ്മെൻറിൽനിന്നു ചെയ്താൽ ഇങ്ങനേയുള്ള ചിലവുകളെ കാലക്രമേണ കുറച്ചു് ഈ ഭീമമായ സംഖ്യയെ ലാഘവപ്പെടുത്താമെന്നാണു് എൻെറ അഭിപ്രായം. അടുത്തകാലത്തു ചിലസമുദായക്കാർ സ്കൂൾ സ്ഥാപിക്കുന്നതിനു കൊടുത്തിട്ടുള്ള അപേക്ഷകളിൽ ചിലതെല്ലാം തള്ളി ചിലതെല്ലാം യാതൊരു തീരുമാനവും ചെയ്യാതിരിക്കുന്നു. അതുകൊണ്ടു് കഴിഞ്ഞ രണ്ടുകൊല്ലമായി എത്ര അപേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. J. Oommen.]

ക്ഷ കിട്ടീട്ടുണ്ട്. അതിൽ എത്ര എണ്ണത്തിനു അനുവാദം കൊടുത്തിട്ടുണ്ട്, എത്ര എണ്ണത്തിന് അനുവാദംകൊടുക്കാതെ പെൻഡിംഗ് ആയി കിടപ്പുണ്ട് എന്നുള്ള എന്റെ ചോദ്യത്തിന് ഇതുവരെ മറുപടി കിട്ടീട്ടില്ല. ഒരാം കൌൺസിൽ കഴിയുന്നതിനുമുമ്പു കിട്ടുമോ എന്നും എനിക്കുസംശയമാണ്. അതുകൊണ്ട് ഞാൻ പറഞ്ഞ സംഗതികളേപ്പറ്റി ഡയറക്ടർ അന്വേഷണം നടത്തി മനഃപൂർവ്വമായിട്ട് അനുവാദം കൊടുക്കാതേയുള്ള വല്ല അപേക്ഷയുമുണ്ടെങ്കിൽ ആ കാര്യം ഡയറക്ടർ പ്രത്യേകമായി ഗൌനിക്കണം. ചില സ്ഥലങ്ങളിൽ ഗവണ്മെൻറിൽനിന്നും ക്ലിപ്തപ്പെടുത്തിയിരിക്കുന്നതിനുള്ളിൽ ഒരു സ്കൂൾ ഉണ്ടെങ്കിൽവേറൊരു സ്കൂൾ അനുവദിക്കാൻ പാടില്ലന്നു വ്യവസ്ഥയുണ്ട്. ഒരാറിന്റെ ഒരുകരയ്ക്കു ഒരു സ്കൂൾ കാണും. ആ സ്കൂളിലേക്കു മറുകരയിൽനിന്നും കുട്ടികളെ വെള്ളപ്പൊക്കകാലത്തു അയക്കുന്നതിനുള്ള പ്രയാസം കൊണ്ട് മറേറ കരയിലും ഒരു സ്കൂൾവേണമെന്നു അപേക്ഷിച്ചാൽ കൊടുക്കയില്ലന്നു പറയുന്നതു വളരെ ബുദ്ധിമുട്ടാണ്. ചിലജാതിക്കാരുടെ സ്കൂളിൽ പോയി പഠിപ്പിക്കുന്നതിനു ചിലകാരണവശാൽ മനസ്സില്ലാത്ത ആളുകളും കാണും. ഗവണ്മെൻറിനു നഷ്ടമില്ലാത്തതാണെങ്കിൽ റക്കഗ്നൈസ് ചെയ്തുകൊടുക്കുന്നതിനു എന്താണു വിഷമം. (ഹിയർ) അതുകൊണ്ട് ഇങ്ങനേയുള്ള സംഗതികൾ ഡയറക്ടർ ശ്രദ്ധിക്കേണ്ടതാണ്. പ്രൈവറേറ് ഏജൻസികൾക്കു സഹായം ചെയ്തുകൊടുത്താൽ ഇപ്പോഴത്തെ ഭീമമായ ചിലവിനെകുറയ്ക്കാൻ സാധിക്കുന്നതാണ്.

MR. V. S. KRISHNA PILLAI (*Tiruvalla*): ജാതിഭേദംക്രൂടാതെ പ്രവേശിക്കാൻ അനുവാദംകൊടുക്കാത്ത സ്കൂളുകൾക്കു അംഗീകാരം സിദ്ധിക്കുകയില്ലെന്നു അറിയാമോ?

MR. V. J. OOMMEN (*Commerce and Industry, North*): അറിയാം, എങ്കിലും ചില സ്ഥലങ്ങളിൽ പ്രത്യേകംചിലകാരണങ്ങളാൽ ചില ആളുകൾ കുട്ടികളെ അയയ്ക്കാൻ മടിയ്ക്കും.

കഴിഞ്ഞ മിഡ്സമ്മർ വെക്കേഷൻ കാലത്തു മലയാളം സ്കൂളുകൾതുടങ്ങുന്നതിനുമുമ്പു ആക്ടിംഗായിട്ടുള്ള ഫസ്റ്റ് ഫോറം അദ്ധ്യാപകന്മാരെ പിരിച്ചുവിടണമെന്നു ഡയറക്ടർ ഉത്തരവു അയക്കുകയും അതുപ്രകാരം ആളുകളെ പിരിച്ചുവിടുകയും ചെയ്തു. അവരെ പിരിച്ചുവിട്ട കാലത്തു ഫസ്റ്റ് സ്ഥിരഒഴിവുകളും തേർഡ് ആക്ടിംഗ് ഒഴിവുകളും ഉണ്ടായിരുന്നുവെന്നാണ് എന്റെ അറിവു. ഫസ്റ്റ് സ്ഥിരഒഴിവുണ്ടായിരുന്ന കാലത്തു

LIBRARY ARCHIVES Kerala Legislative Assembly

അ ഒഴിവിൽ വ്യ-ം ഫ 0-ം വഷ്ം അക്ക് ചെയ്തവരെ സ്ഥിരപ്പെട ത്തിയിട്ട ബാക്കിയുള്ളവക്ക് നിവത്തിയുള്ളിടത്തോളം അക്ക്ംഗ്ല ജോ ലിയും കൊടുത്തിട്ട് പിന്നീട ബാക്കിയുള്ളവരെ പിരിച്ചുവിടുന്നതിനു പ കരം അനേകം നാം ജോലി നോക്കിയിട്ടുള്ള എല്ലാ മലയാളം സ്കൂൾ അദ്ധ്യാപകന്മാരേയും പിരിച്ചുവിട്ട് കഷ്ടപ്പെടുത്തിയതു ഒരിക്കലും നമ്മു ടെ ഗവർണ്മെൻറിന് അഭിമാനകരമായ പ്രവൃത്തിയാണെന്നു എനിക്ക് അഭിപ്രായമില്ല. സ്ഥിരഒഴിവുകളിൽ പകരം നോക്കീട്ടുള്ളവരെസവ്വീസ നസരിച്ചു നിയമിക്കയും ബാക്കിയുള്ളവരെ പകരം ഒഴിവില്ലും നിയമിച്ചു് എത്രയും വേഗം ഇവരുടെ സങ്കടനിവത്തി വരുത്തിക്കൊടുക്കയും ചെ യ്യണമെന്നുള്ള അഭിപ്രായത്തോടുകൂടി വിരമിച്ചുകൊള്ളുന്നു.

The House rose for lunch at 2-3 P. M. and reassembled at 2-48 P. M.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): Sir, there are many disquieting rumours afloat in the town about the health of Her Highness the Maha Rani Regent. It is a matter of great anxiety to the representatives of the people and we would like to know the real condition of Her Highness' health and to get an assurance that all possible medical aid has been secured to attend to Her Highness' health.

PRESIDENT: I am sorry that a member of this House has thought it fit to publish here such an absolutely baseless rumour which is likely to cause anxiety to the people of the State. I may assure the House that the rumour is absolutely baseless. It may have arisen from the fact that Her Highness has gone to Nagercoil. I may assure the House that Her Highness has gone to Nagercoil merely for a change of air. Her Highness' health is as good as ever. There is absolutely no need for any anxiety or disquiet on that account.

MR. ITTOOP ITTEECHAN (*Kunnatnad*): മി. കെ. പി. നീലകണ്ഠ പ്പിള്ള അവതരിപ്പിച്ചിട്ടുള്ള ഉപ [illegible] ഞാൻ ഹൃദയപൂർവ്വം പി ൻതാങ്ങിക്കൊള്ളുന്നു. ഇന്നു തിരുവിതാംകൂറിലെ വിദ്യാഭ്യാസരീതിയെ പ്പറ്റി ആലോചിക്കയാണെങ്കിൽ ഒരു ആത്മീയമായ അറിവു സമ്പാദി ക്കുന്നതിന് ധാരാളം മതിയാകും എന്നുള്ളതിനു യാതൊരു സംശയവു മില്ല. എന്നാൽ ഉദരപൂരണമാർഗ്ഗത്തിന് ഇപ്പോൾ ഈ വിദ്യാഭ്യാസം യാതൊരു വഴിയും നാംകണ്ടില്ല എന്നുള്ള സംഗതി പ്രത്യേകം പറയാ തെ തരമില്ല. കഴിഞ്ഞ മകരമാസത്തിൽ കൂടിയ കൗൺസിലിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു പ്രമേയം ഞാനിവിടെ അവതരി പ്പിക്കയുണ്ടായി. അന്നത്തെ വിദ്യാഭ്യാസഡയറക്ടർ ആ പ്രമേയത്തി ലടങ്ങിയിരിക്കുന്ന തത്വങ്ങളെ മിക്കവാറും സ്വീകരിച്ചിരിക്കുന്നുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

[Mr. Ittoop Itteechan.]

നടപ്പിൽ കൊണ്ടുവരാൻ സ്വല്പം കാലതാമസം വേണ്ടിവരുമെന്നും മറുപടി പറയുകയുണ്ടായി. ഗവർണ്മെൻറും പുതിയ ഡയറക്ടറും ഈ സംഗതി നടപ്പിൽ കൊണ്ടുവരികയാണെങ്കിൽ ഇന്ന് ഈ നാട്ടിലെ ജനങ്ങളുടെ ഇടയിൽ സംഭവിച്ചിട്ടുള്ള തൊഴിലില്ലായ്മയെ കുറെയെല്ലാം പരിഹരിക്കുന്നതിന് ഇടയാകും. ഇന്നത്തെ വിദ്യാർത്ഥികളിൽ പലരും ഉദ്യോഗാർത്ഥികളായിട്ടാണ് കാണപ്പെടുന്നത്. ഉദ്യോഗമൊന്നും ലഭിക്കുന്നുമില്ല; വീട്ടിൽ ചെന്നാൽ തൊഴിൽ ഒന്നും അറിഞ്ഞും കൂടാ. ഇങ്ങനെയുള്ള ആളുകൾ തിരുവിതാംകൂറിൽ ധാരാളമുണ്ടെന്ന് സധൈര്യം എനിക്കു പറയാൻ കഴിയും. ഈ സംഗതികളെ പരിഹരിക്കാൻ ഏതെങ്കിലുമൊരു പദ്ധതി ഗവർണ്മെൻറ് രൂപീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ നയങ്ങളെപ്പറ്റി എനിക്ക് ഒരു വാക്കുകൂടി പറയാനുണ്ട്. ഫാർ കുംഭംമുതൽ പ്രൈമറിസ്കൂളിലെ ഹെഡ് മിസ്ട്രസ്സുമാക്ക് ൨൫ രൂപാ മുതൽ ൨൯ രൂപാവരെ ശമ്പളം കൊടുത്തുവന്നിരുന്നു. അതിനുശേഷം ഫാർ മേടത്തിലാണ് പുതിയ ശമ്പളപരിഷ്കാരം നടപ്പിൽ വന്നത്. ആ പരിഷ്കാരത്തിൽ ൨൦ രൂപായാണ് ഈ ഹെഡ് മിസ്ട്രസ്സുമാക്ക് ശമ്പളം നിശ്ചയിച്ചിരിക്കുന്നത്. ഫാ൪ മാസംവരെ ൨൫ രൂപാ മുതൽ ൨൯ രൂപാവരെ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ഹെഡ് മിസ്ട്രസ്സുമാർ അവർക്കുതൽ വാങ്ങിച്ചിട്ടുള്ള ശമ്പളം തിരിയെ കൊടുക്കണമെന്നും അതു മാസംതോറും ൫ രൂപാ വീതം അവരുടെ ശമ്പളത്തിൽനിന്നും പിടിച്ചു ഈടാക്കണമെന്നും ഡയറക്ടർ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതായി അറിയുന്നു. സാധുക്കളും ഈ കാലസ്ഥിതിക്കു ഉപജീവനത്തിനു വളരെ ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ ഇവരിൽനിന്നും ഗവർണ്മെൻറ് നല്ല മനസ്സോടുകൂടി ആദ്യം കൊടുത്ത കൂടുതൽ ശമ്പളം തിരിയെ ഈടാക്കണമെന്നു പറയുന്നതു വളരെ കഷ്ടമാണ്. അതുകൊണ്ട് ആ സംഗതിയിൽ പുതിയ ഡയറക്ടരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മാനുവൽ ട്രെയിനിംഗ് V. M. സ്കൂളുകളിലേക്ക് ൨൫ രൂപാ വീതം കൊടുത്തുവന്നിരുന്നുവെന്നാണ് എൻറെ അറിവു്. എന്നാൽ ഇപ്പോൾ ഗവർണ്മെൻറ് ൫ രൂപായാണു കൊടുത്തുവരുന്നത്. അൺപള്ളിക്കൂടങ്ങളേക്കാൾ കുട്ടികൾ വളരെ കുറവായുള്ള പെൺപള്ളിക്കൂടങ്ങൾക്കു ഫാ൫ രൂപാ കൊടുക്കുന്നുണ്ട്. ഇംഗ്ലീഷ് സ്കൂളിലേക്കു ൨൫ രൂപായും കൊടുക്കുന്നുണ്ട്. ഇതു തീരെ പോരാത്ത ഒന്നാണു

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ആ വിഷയത്തിലും കൂടുതൽ പണം കൊടുത്ത് പ്രോത്സാഹിപ്പിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. ഈ രാജ്യത്തെ ജീവിതത്തിനു അത്യന്താപേക്ഷിതമായ കൃഷി, വ്യവസായം മുതലായ തൊഴിലുകൾ വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടുവരണമെന്നുള്ള സംഗതി കൂടി ഈ സഭയിൽ പ്രത്യേക്ഷപ്പെടുത്തിക്കൊണ്ട് ഞാൻ വിരമിച്ചുകൊള്ളുന്നു.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : Sir, in supporting the motion moved by Mr. K. P. Nilakanta Pillai I have to say that I fully sympathise with the Director of Public Instruction and that we are also equally entitled to his sympathy. Though this Council passed a token motion that an Indian Director alone could tackle educational problems of this State, here we are very much humiliated at a European Director coming with a demand for 45 lakhs of Rupees under Education. He being quite new to the educational administration of the State, it is quite possible that he is not in touch with the difficulties that confront the educational administration here and what about the members on this side of the House. They were given a report of the educational department only yesterday. Though it was submitted by the Director of Public Instruction, six months after the period for which it is meant, it is published and given to the members about five months after that. How could we give any constructive suggestions to the Government on the educational policy of the State after carefully going through the report that has been put into our hands. There might be many defects in the criticisms suggested from this side of the House, and there might be the very same difficulties on the side of the Director to carry out the suggestions of the members on this side of the House.

Sir, last year, in moving a motion under Education, I said that the condition of the grant-in-aid teachers of Vernacular Schools is very miserable and that some steps must be taken to alleviate their sufferings. I suggested the starting of a provident fund and the Director said that he fully agreed with me and that some steps will be taken in that direction, and I do not know whether any step has been taken in that direction either by the department or by the Government till now.

Though this Council sanctioned revision of the pay ofthe Vernacular School teachers as early as Vrischikam 1104 and though a staff for revision of the pay was appointed in Tulam 1105, I do not think that revision is complete. The Director may think that everything here is out of joints and out of time and as nothing takes place in regular time he may pursue the track that has been pursued till now. Sir, unless this matter is more efficiently managed, it could not give satisfaction to any section of the population in Travancore. It vitally affects the people of the State.

We find when a Director comes, he lays down certain rules as regards recruitment. We find that certain circulars were issued that teachers who have acted during a particular period should be preferred

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. S. Damodaran Asan.]

and that the claims of persons who have acted during periods either before or after that, need not be considered in recruitment to public service. There might have been mistakes in the recruitment by so many officers in the Education Department. But when a particular teacher is entertained in service he generally hopes to get into service and makes a claim upon the department on the basis of his acting service. But suddenly he is told that because he was appointed by some officer who was not doing proper justice to the burden imposed upon him, his claims are overlooked. So, what I say is, in future, the Education Department must see that teachers who have already acted in he department for any length of time, should be preferred to applicants who are quite new. There is great discontentment and heart-burning amongst a large section of the teachers who have acted in the Education Department during the period prior to Chingom 1101.

Another matter to which I should draw the attention of the Director is about recruitment, particularly in Vernacular Schools. He would do well to entertain teachers who had some experience in grant-in-aid schools. Of course, they are considered to be better than raw hands. They are getting only a grant of $7\frac{1}{2}$ rupees minus the amount which the Manager usually takes. Is it not the duty of the department to encourage teachers who are working under such hard conditions, and entertain such teachers in the department and give them the small pay which is given to the departmental teachers. I do not think efficiency in the grant-in-aid schools will be affected by that. If the Manngers are earnest in maintaining the efficiency of the institutions to which they are attached, I am sure, they will see that teachers in those schools are given sufficient encouragement and that they are not drawn by better allurements in the departmental service. I hope that the Director will pay due attention to these suggestions made by me. With these observations I support the motion.

MR. V. CHELLAM PILLAI (*Tovala*): മൂന്നാംക്ലാസായി ജയിച്ച ഒരാളിനെ ആക്ടിംഗായിട്ട് നിയമിച്ച് അയാൾ പത്തു ദിവസം ജോലി നോക്കി അതു കഴിഞ്ഞു് ഒരു ഒഴിവു വരുമ്പോൾ ഒന്നാംക്ലാസായി പരീക്ഷ ജയിച്ച ഒരാൾ വന്ന് അപേക്ഷിക്കുന്നു. അപ്പോൾ ഈ ഒന്നാംക്ലാസായി ജയിച്ച ആളിനെ ആക്കണോ അതല്ല ആക്ട് ചെയ്തിട്ടുള്ള ആളിനു കൊടുക്കണോ ഏതാണു വേണ്ടതു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kaitikapalli*): ഒന്നാംക്ലാസുകാരനെ മാത്രമേ ആ ജോലിയിൽ നിയമിക്കാറൊള്ളുവെങ്കിൽ ഒന്നാംക്ലാസുകാരനുതന്നെ കൊടുക്കണം. ഒന്നാംക്ലാസുകാരനെ കിട്ടാത്തതുകൊണ്ടായിരിക്കാം മൂന്നാംക്ലാസുകാരനെ നിയമിച്ചതു്. എന്നാൽ മൂന്നാംക്ലാസുകാരൻ ആ സ്ഥാനത്തേക്കു മതി എന്നാണെങ്കിൽ അതു ആക്ട് ചെയ്യുന്ന ആളിനുതന്നെ കൊടുക്കണം. അയാൾ ആക്ട് ചെയ്തിട്ടുള്ള അവകാശത്തെ അവഗണിച്ചുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

MR. V. CHELLAM PILLAI (*Tovala*): പത്തുദിവസം ആക്ക് ചെയ്താൽ അതൊരു അവകാശമാണോ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): തീർച്ചയായിട്ടും അതു് ഒരവകാശമാണു്. ഒരു ദിവസമായിരുന്നാലും അ അവകാശത്തെ അവഗണിക്കാൻ പാടില്ല.

MR. V. CHELLAM PILLAI (*Tovala*): ചില ആളുകൾക്കു റാഡ്ഫാദർ സർവീസിൽ ഇല്ലാത്തതുകൊണ്ടു ഉദ്യോഗത്തിൽ കയറാൻ സാധിക്കാതെ വന്നേക്കാം. അങ്ങിനെയുള്ള ആളുകൾ പിന്നീടു അപേക്ഷിക്കുമ്പോൾ അയാൾക്കു കൊടുത്തുകൂടാ എന്നാണോ പറയുന്നതു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഒരാൾ ഉദ്യോഗത്തിനപേക്ഷിച്ചാൽ അർഹതയുണ്ടെങ്കിൽ ന്യായമായിട്ടു് അയാൾക്കു കൊടുക്കണം. അല്ലാതെ വേറെ ഒരാളിൽ പ്രത്യേകമായി പക്ഷപാതം കാണിക്കരുതു്.

MRS. ELIZABETH KURUVILA (*Nominated*): Sir, in supporting this motion I beg to make a few observations in regard to our educational policy. It was stated by the mover, and I think we find it in the Administration Report of the Department, that education in Travancore has practically reached a stage at which it no longer needs to be encouraged by Government by multiplying schools. The report says that practically all children of school-going age are being educated to read and write. So, I think, the time has come for the department to think, in what fresh ways it can improve the condition of education in the State. The time has come for the consolidation and improvement of the existing education, to fit it better, to the conditions of life of the people here.

I would like to say a few words about primary education. The report says that there were 3003 Primary Schools in 1104 in the State. That is a very large number and it is a number which can pretty adequately deal with the young children of the State. So, the time, I think, has come for the department to stop increasing the number of Primary Schools and to consider in whatways the conditions of primary education can be improved, A statement was made by a member that the department imposes more conditions on private agencies owning schools than it insists on for its own schools. That, I think, is itself an argument for considering whether primary education in the State had not better be handed over to private bodies. There the department can insist on their fulfilling the necessary conditions. It is a matter for pride for any one travelling from one end of the State to the other along the main roads to see the number of schools *en route* and the number of children either going to or coming from schools. At the same time it is not a matter for pride to note the way in which these

LIBRARY ARCHIVES Kerala Legislative Assembly

[Mrs. Elizabeth Kuruvila.]

schools are equipped. The absolutely dilapidated condition in which buildings are allowed to remain, the pillars leaning this way and that, walls in bad condition and leaking roofs, under such conditions is the department helping to train small children of the State. But I do not think we shall find private Primary Schools of that kind because the department insists on the buildings being kept up to date and in good condition. This is not only with regard to buildings alone but also with regard to the general condition of the schools. Private bodies, whether the schools are handed over to the Educational Boards or to any other kind of private agencies, can always be called upon to fulfil the conditions imposed by the department. The department can lay down broad lines of policy and curricula to be followed and then see by inspection that these conditions are fulfilled. Nearly 10½ lakhs of rupees are spent on Vernacular primary education. A great deal of this money could be saved if the schools are handed over to Private agencies and the balance can be well expended in other directions, and by way of giving generous grants to these schools. From the point of view of the actual teaching of subjects to children who go to Primary Schools who are mostly between the years of 5 and 9, that is the period of childhood when learning should be pleasure rather than a pain. Less mechanical methods should be tried when all over the world in civilised countries new methods are being tried and followed in regard to child education. There is hardly anything along that line in the departmental schools of this State. I looked into the Budget and found that a sum of Rs. 100 has been set apart for kindergarten methods. That can hardly be called an adequate sum for the specialised training of small children. Government should go into the whole question of primary education in the land and see in what ways improvement can be made and I think that some changes might lie along some of the lines that I have suggested. I would also suggest that a larger percentage of women should be employed in the Primary Schools of the State. In fact, I would say that the direction of primary education should be handed over to women. I do not know whether other members of the House would agree to that. But all the same, I am of opinion that more women should be employed in the training of small children than are now employed. It seems to be that, the only way now followed is to see how many schools can be opened and how many more individuals can earn money. That should not be. The aim of the Government should be to find a proper solution and in what manner education should be given. When I say that more women shoiuld be appointed I also want to say that more facilities should be provded to train these women. At present there are only very few Training Schools for women. In regard to the training of teachers in English Schools alone, only 37 per cent of such teachers are trained men and women. That is a very small number considering that education is a subject which requires trained professional skill. So, greater facilities should be given for the training of teachers particularly bearing in mind that better provision should be made for women teachers.

LIBRARY ARCHIVES Kerala Legislative Assembly

Then with regard to Middle Schools the Departmental Report gives an unsatisfactory account. It says that there is lack of efficiency and many Middle Schools have really been started for making money on them; that seems to be true to a certain extent I think. Middle Schools have lowered the tone of those High Schools to which their children go. I feel that much encouragement should not be given to the starting of Middle Schools unless they give a promise that they will be raised to High Schools within a given period of time.

I also wish to say a few words with regard to the curriculam in Girls' Schools. I am not one who thinks that the education of girls should be entirely different from that of boys. Men and women have to work together for the progress of the country and I think that to a certain extent their education should go together. At the same time I think more facilities should be given in Girls' Schools for the teaching of domestic subjects. The periods for some other subject should be lessened and some time allowed for the teaching of subjects like cooking, house-keeping and the care of children, because, girls between the ages of 10 and 15 are at the best time to take an interest in babies and begin to learn how to train them later. Therefore, all facilities should be provided for pupils in Girls' Schools by lessening the demands made on them by other subjects. There is a good deal more to be said but I hope to have other opportunities of stating my views on certain other phases of educational policy. With these words I support the motion.

MR. MURUVELIL PACHU PILLAI (*Shertalai*): സർ, ഈ രാജ്യത്തെ വിദ്യാഭ്യാസനയത്തെ വിമർശനം ചെയ്യുന്നതിനുവേണ്ടി എന്റെസ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാനും ബലമായി പിൻതാങ്ങുന്നു. ഇവിടെ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ഇന്നത്തെ കാലസ്ഥിതിക്ക് അശേഷം യോജിച്ചതല്ല. വിദ്യാഭ്യാസം ചെയ്യുന്നതിന്റെ ഒരു പ്രധാനഉദ്ദേശം ജീവിതമത്സരത്തിൽ വിദ്യാഭ്യാസ വിജയംനേടുന്നതിനുവേണ്ടിയാണ്. അതിലേക്കു ഇന്നത്തെ വിദ്യാഭ്യാസരീതി അശേഷം ഉപകരിക്കുന്നില്ല.

ഇവിടത്തെ വിദ്യാഭ്യാസം കേവലം സാഹിത്യപരമായ ഒന്നാണ്. സാഹിത്യപരമായ ഈ വിദ്യാഭ്യാസസമ്പ്രദായം വളരെക്കാലമായി നാം അനുകരിച്ചുവന്നതിന്റെ ഫലമായി കുറെ പരീക്ഷാവിജയികളായ ആളുകളെ നമുക്കു ലഭിക്കാൻ കഴിഞ്ഞുവെന്നല്ലാതെ മറ്റു യാതൊരുവിധത്തിലുള്ള പ്രയോജനവും അതുകൊണ്ടുണ്ടായിട്ടില്ല. വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുടെ സംഖ്യ വർദ്ധിച്ചുവരുംതോറും ഈ രാജ്യത്ത് തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നു. നമ്മുടെ വിദ്യാഭ്യാസത്തിനുവേണ്ടി ആണ്ടുതോറും നാം ചെലവാക്കുന്ന പണത്തിനനുസരണമായ ഫലം നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai]

സിദ്ധിക്കുന്നില്ലെന്നമാത്രമല്ല, അതുകൊണ്ടു നിത്യവൃത്തിക്കുള്ള മാർഗ്ഗങ്ങ ളംപോലും നമുക്കു ലഭിക്കുന്നില്ല. അതിനാൽ ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ട കാലം അതിക്രമി ച്ചിരിക്കുന്നു. പരീക്ഷാവിജയികളുടേയും പരീക്ഷാവിജയികളല്ലാത്തവരു ടേയും സംഖ്യ വർദ്ധിച്ച് ഈ രാജ്യത്തു് തൊഴിലില്ലാത്തവരുടെ എണ്ണം അധികരിച്ചിരിക്കുന്നതിനാൽ അതിലേക്കുള്ള പരിഹാരമാർഗ്ഗം നിർദ്ദേശി ക്കുന്നതിനായി ഒരിക്കൽ ഇവിടെഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആക മ്മിറ്റി അന്വേഷണംനടത്തിവിദ്യാഭ്യാസസമ്പ്രദായത്തിൽ ഇന്നത്തെകാ ലസ്ഥിതിയ്ക്കനുസരണമായ ചില മാറ്റങ്ങൾ വരുത്തണമെന്ന്കാണിച്ച ഒരു റിപ്പോർട്ടും സമർപ്പിച്ചു. അതിനുശേഷം ഇപ്പോൾ കാലവും കുറെ കഴിഞ്ഞു. ഇതുവരെ ആറിപ്പോർട്ടിന്മേൽ യാതൊരു നടപടികളും ഗ വണ്മെൻറു് നടത്തീട്ടില്ല.

രണ്ടുവക ശാഖകളായിട്ടാണു് ഇവിടത്തെ വിദ്യാഭ്യാസംഇപ്പോൾ നടത്തപ്പെട്ടുന്നതു്. അതായതു് ഇംഗ്ലീഷും മലയാളവും. ഇതു രണ്ടിനേ യും രണ്ടുവിധത്തിലാണു് പരിഗണിക്കപ്പെട്ടുവരുന്നതെന്നു് പ്രഥമദൃഷ്ടി യിൽതന്നെ കാണാവുന്നതാണു്. മാതൃഭാഷ പഠിപ്പിക്കാനുള്ള മലയാ ളം സ്കൂളുകളിൽചെന്നു നോക്കിയാൽശരിയായ സ്ഥലമില്ല, കെട്ടിട മില്ല, വേണ്ട സാമാനങ്ങൾ മുതലായയാതൊന്നുമില്ല എന്നു കാണാം. ഇംഗ്ലീഷു വിദ്യാലയങ്ങളിൽ ചെന്നാൽ അവ സാമാന്യം പരിഷ്കൃത രീ തിയിലിരിക്കുന്നതായിട്ടും കാണാം. മാതൃഭാഷ അഭ്യസനത്തിനുള്ള വ കുപ്പായതുകൊണ്ടാണോ ഈ സൌകര്യങ്ങളെല്ലാം അവിടെ കുറഞ്ഞു പോയതെന്നുകൂടി ആക്ഷേപം തോന്നിപ്പോകും. ഈ വിദ്യാലയങ്ങളെ എല്ലാം ഇംഗ്ലീഷ് വിദ്യാലയങ്ങളെ പോലെ ഉയർത്തിക്കൊണ്ടു വരുന്നതി നു വളരെ ചെലവ് വേണ്ടിവരുമെന്നുള്ളതു് ഞാൻ സമ്മതിക്കുന്നു. എ ന്നാൽ വലിയചെലവു കൂടാതെ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാൻ കഴിയുമോ എന്നു് ആലോചിക്കേണ്ടതാണു്.

മലയാളം സ്കൂളുകളിൽ നാലാം ക്ലാസ് കഴിഞ്ഞാൽ അഞ്ചും ആ റും ഏഴും ക്ലാസ്കളും അതു കഴിഞ്ഞാൽ ഒരു V. S. L. C. പരീക്ഷയും ഉണ്ടു്. അതുപോലെ തന്നെ ഇംഗ്ലീഷു സ്കൂളുകളിൽ പ്രിപ്പാറേറററിമുതൽ മൂന്നാം ഫാറംവരെ ഉള്ള താഴ്ന്ന ക്ലാസ്കളും ഉണ്ടു്. പ്രിപ്പാറേറററി മുത ൽ മൂന്നാം ഫാറംവരെ കൊടുക്കുന്ന ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ കൂടി മല യാളം പള്ളിക്കൂടങ്ങളിൽ ൪-ം ന്യ-ം ൫-ം ക്ലാസ്കളിൽ നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷുസ്കൂൾകളിലെ മൂന്നാംഫാറംവരെയുള്ള ക്ലാസുകൾ നിറുത്തൽ ചെയ്യുകയും ചെയ്യാൻ പാടില്ലയോ എന്നു ഗാഡ്മായി ആലോചിക്കേണ്ടതാണു. അങ്ങനെ വരുമ്പോൾ ഇംഗ്ലീഷ്സ്കൂളുകളിൽ താഴ്ന്ന ക്ലാസുകളിൽ ഉള്ള വാദ്ധ്യാന്മാരേയും ആയിനത്തിലേക്ക് ചെലവാക്കുന്ന സംഖ്യയേയും ലാഭം വരുത്താനും മലയാളംസ്കൂളുകളിലെ അഞ്ചും ആറും ഏഴും ക്ലാസുകളുടെ സ്ഥിതി നന്നാക്കാനും സാധിക്കുന്നതാണു. ഇങ്ങനെയൊരു പരിഷ്കാരം വരുത്തുന്നതോടുകൂടി മലയാളം പള്ളിക്കൂടങ്ങളിൽ പ്രധാനമായിട്ടു മലയാളഭാഷയും അതോടുകൂടി ഇംഗ്ലീഷ് നിർബന്ധമായിട്ടും പഠിപ്പിക്കാം. ഈ പഠിത്തം അവസാനിക്കുമ്പോൾ ഇപ്പോഴത്തെ ഈ വി. എസ്. എൽ. സി. പരീക്ഷക്ക് പകരം ഒരു മിഡിൽസ്കൂൾ പരീക്ഷ വയ്ക്കാം. അതു ജയിക്കുന്നവരിൽ ഉദ്യോഗത്തിനു പോകണമെന്നുള്ളവർക്ക് ഉദ്യോഗത്തിനു പോകാം. തൊഴിൽപരമായ ഏതെങ്കിലും വിദ്യാഭ്യാസത്തിനു പോകണമെന്നുള്ളവർക്ക് അതിനു പോകാം. ഇതിലേക്കു അവരെ പ്രാപ്തന്മാരാക്കിത്തീർക്കുന്നതിനു വേണ്ടിടത്തോളം മലയാളത്തിലുമിംഗ്ലീഷിലുമുള്ള ജ്ഞാനം അവർക്കു സിദ്ധിക്കും. എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസംതന്നെ തുടർന്നുകൊണ്ടു പോകണം എന്നു വിചാരിക്കുന്നവർക്ക് നാലാംഫാറത്തിൽപോയി ചേർന്ന് മൂന്നുകൊല്ലംകൊണ്ടു ഇംഗ്ലീഷുസ്കൂൾലീവിംഗ് പരീക്ഷയിൽ പാസാകയും ചെയ്യാം. V. S. L. C. പരീക്ഷയിൽ ഇംഗ്ലീഷ് ഐശ്ചികമായെടുത്തു പാസാകുന്നവർക്ക് ഇപ്പോൾ മൂന്നാം ഫാറത്തിൽ അഡ്മിഷൻ കൊടുത്തുവരുന്നുമുണ്ടു്.

ഇനി എനിക്കു ഒരു പ്രധാനസംഗതി ഈ സഭയുടെ ആലോചനയ്ക്കു വിഷയമാക്കേണ്ടതുണ്ടു്. മലയാളം പള്ളിക്കൂടത്തിലാകട്ടെ ഇംഗ്ലീഷുപള്ളിക്കൂടത്തിലാകട്ടെ പഠിച്ചാൽ തിരുവിതാംകൂറിലെ ഭരണരീതിയും ഈരാജ്യത്തിന്റെ ചരിത്രവും നല്ലപോലെ മനസ്സിലാക്കാൻ ഇപ്പോൾ നിവൃത്തിയില്ല. അതുകൊണ്ടു് തിരുവിതാംകൂർ ചരിത്രവും രാജ്യഭരണവും പ്രത്യേകം ഈ സ്കൂളുകളിൽ പഠിപ്പിക്കാൻവേണ്ട വ്യവസ്ഥചെയ്യണം. അതുപോലെതന്നെ ഇംഗ്ലീഷിനും മലയാളത്തിനും പുറമെ ഒരു പൊതുഭാഷകൂടിവേണം. അതു് ഹിന്ദി ആയിരിക്കണമെന്നാണു് എന്റെ അഭിപ്രായം. കൊച്ചി രാജ്യത്തു് ഹിന്ദി ഐശ്ചികവിഷയമായിട്ടും മൈസൂരിൽ നിർബ്ബന്ധവിഷയമായിട്ടും ഇപ്പോൾ പഠിപ്പിക്കുന്നുണ്ടു്. അതുപോലെതന്നെ കായികപരിശീലനം ഇവിടത്തെ വിദ്യാലയങ്ങളിൽ നിർബ്ബന്ധമായി നടപ്പാക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Muruvelil Pachu Pillai]

ഈ സഭയുടെ ആലോചനയ്ക്കു സമർപ്പിക്കുവാനുള്ള മറെറാരുസംഗതി രണ്ടു വിഷയങ്ങളും കൂടി ചേർത്തു് അദ്ധ്യാപകന്മാരെ ഇന്നു് ബുദ്ധിമുട്ടിക്കുന്ന സമ്പ്രദായമാണു്. അതായതു് ഡ്രായിംഗ്മാസ്റ്റർമാരായിരുന്നവരിൽഡ്രിൽകൂടി പഠിച്ചിട്ടുള്ളവർക്കുമാത്രമേ ജോലി കൊടുക്കുകയുള്ളു എന്നു് ഒരു വ്യവസ്ഥവച്ചിരിക്കുന്നു. ഈ രണ്ടു വിഷയങ്ങൾക്കും തമ്മിൽ എന്താണു് സംബന്ധം? ഒന്നു് വെറും കായികവും മറെറാന്നു് ഒരു കലാവിദ്യയുമാണു്. എന്നാൽ ഇതുവരെ ഡ്രായിംഗ്മാസ്റ്റർ മാരായിട്ടിരുന്നവരും ഡ്രിൽകൂടി പാസാകണമെന്നുള്ള വ്യവസ്ഥ തീരെ ന്യായമായിട്ടുള്ളതല്ല. ഡ്രിൽ അഭ്യസിക്കാൻ ഇവിടെ വല്ലസൌകര്യവുമുണ്ടോ എന്നു നോക്കുകയാണെങ്കിൽ യാതൊന്നും തന്നെയില്ലതാനും. സൈദാപ്പേട്ടയിൽപോയി വേണം ഡ്രിൽ പരിശീലനം നടത്താൻ. E. S. L. C. പരീക്ഷാവിജയികൾക്കുമാത്രമേ അവിടെ പ്രവേശനം നൽകുന്നുള്ളു. ഇന്നു് സ്ഥിരമായും ആക്ടിംഗായും ഡ്രായിംഗ്മാസ്റ്റർമാരായിരിക്കുന്നവർക്കുകൂടി ഈ രണ്ടു പരീക്ഷകളിലും ജയിക്കണമെന്നു നിർബന്ധിക്കുന്നതു് ഒട്ടും ശരിയായിട്ടുള്ളതല്ല.

ഈ രാജ്യത്തു് ഫർലക്ഷം രൂപാഗ്രാൻറു സ്കൂളുകളുടെ വകയ്ക്കായി ഇപ്പോൾ ചിലവാക്കി വരുന്നുണ്ടു്. ഈ സ്കൂളുകളുടെ നടത്തിപ്പിനെ സംബന്ധിച്ചു് പല ആക്ഷേപങ്ങളും ഈ ഭാഗത്തുനിന്നു പുറപ്പെട്ടുവിച്ചിട്ടുണ്ടു്. ഈ സംഖ്യ ഉദ്ദേശിക്കുന്ന ആവശ്യത്തിനു് ശരിയായിട്ടു് ഉപയോഗിക്കുന്നുണ്ടോ എന്നു് നിഷ്കൃഷ്ടയായി അന്വേഷിക്കേണ്ടതാണു്. ഗ്രാൻറുസ്കൂളിലേക്കു് കൊടുക്കുന്ന പണം എന്തുചെയ്യുന്നു? കണക്കുകാം ആരു പരിശോധിക്കുന്നു? ഈ ഫർ ഈലക്ഷം രൂപായും അതുകൊണ്ടുദ്ദേശിക്കുന്നഉപയോഗത്തിനുതന്നെചിലവാക്കുന്നുണ്ടോ, എന്നു് ഡയറക്ടരും ഇൻസ്പെക്ടിംഗ്ആഫീസർമാരും പ്രത്യേകം പരിശോധിക്കേണ്ടതാണു്. മാനേജർമാർ ശരിയായി പ്രവർത്തിക്കും എന്നു് ചിലർ വിചാരിക്കുന്നു. ഇതിൻെറ യഥാർത്ഥം ശരിയായിട്ടു് പരിശോധിച്ചറിയേണ്ടതാണു്.

ഇങ്ങനെ പലസംഗതികളും വിദ്യാഭ്യാസവകുപ്പിൽ നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ടു്. സമയം അതിക്രമിച്ചിരിക്കുന്നതു കൊണ്ടു് ഞാൻ ഇനിയും എൻെറ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഈ സംഗതികളിൽ എല്ലാം പുതിയഡയറക്ടരുടെ ശ്രദ്ധ പ്രത്യേകം പതിഞ്ഞുകാണണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

MR. TAMARAPALLIL KOCHUTOMMAN (*Pattanamtitta*) : സർ, വിദ്യാഭ്യാസനയത്തെപ്പറ്റിഡിസ്കസ്ചെയ്യാനുള്ള ഈ ഉപക്ഷേപത്തോടു ഞാ

LIBRARY ARCHIVES Kerala Legislative Assembly

നംഭാവിക്കുന്നു. തിരുവിതാംകൂറിൽ ഇത്രകൂടുതലായി വിദ്യാഭ്യാസം പ്രചരിക്കാനുള്ള പ്രധാനകാരണം പ്രൈവറ്റ് സ്കൂളുകളുടെ വർദ്ധനയാണ്. അതുകൊണ്ടു പ്രൈവറ്റുസ്കൂളുകളെ ഗവണ്മെൻറു നല്ലപോലെ പ്രോത്സാഹിപ്പിക്കണം. പ്രൈവറ്റുസ്കൂളുകളിലേക്കു ഫർലക്ഷംരൂപാ ഗ്രാൻറുകൊടുക്കുന്നുണ്ട്. അതു മാനേജർമാർ ശരിയായിട്ടു ഉപയോഗിക്കുന്നുണ്ടൊ ഇല്ലയോ എന്നു നോക്കേണ്ടതു അത്യാവശ്യമാണ്.

മലയാളം പള്ളിക്കൂടങ്ങളിൽ ൟംക്ലാസ്വരെ ഇംഗ്ലീഷു നിർബന്ധമായിട്ടു ഒരുപാഠവിഷയമാക്കണം. അങ്ങനെ നിശ്ചയിച്ചിരുന്നാൽഏഴാംക്ലാസ് പാസാകുന്നവക്കെല്ലാം മൂന്നാം ഫാറത്തിൽചേരാമായിരുന്നു.

മലയാളം സ്കൂളുകളിലുള്ള ഭാഗവതർമാരേയും ഡ്രായിംഗ്മാസ്റ്റർമാരേയും വേണ്ടപ്രകാരം പ്രോത്സാഹിപ്പിക്കുന്നില്ല. അവക്ക് ഫവ്വുരൂപാമുതൽ ൨൨ രൂപാവരെ സ്കെയിൽ വച്ചിരിക്കുന്നു എങ്കിലും ഫ൦൫-ൽ ഫ൫ മുതൽ ഫവ്വ രൂപാവരെ ശമ്പളം കൊടുക്കേണ്ടതാണെന്നു് ഫൻറ൯-ൽ ഫ൨൯-ാംനമ്പർ G. O. പ്രകാരം നിശ്ചയിച്ചിരിക്കുന്നു, ബഡ്ജറിൽ ഫവ്വ മുതൽ ൨൨ രൂപാവരെ എന്ന സ്കെയിലിൽ പണം കൊള്ളിച്ചു കാണുന്നുണ്ട്. ബഡ്ജറിലെ നിശ്ചയത്തിനുവിപരീതമായി ഇങ്ങനെ ഒരു G. O. പുറപ്പെടുന്നതിനുള്ള കാരണംഎന്താണെന്നു് മനസ്സിലാകുന്നില്ല. മലയാളം, സ്കൂളുകളെസംബന്ധിച്ചുള്ള പ്രോത്സാഹനം ഇത്രമാത്രമേയുള്ളൂ എന്നു ഇതിൽനിന്നും തീരുമാനിക്കേണ്ടിയിരിക്കുന്നു.

ഒരു സ്കൂളിൽനിന്നും ഒരു മയിലിനടുത്തു് വേറൊരു സ്കൂൾകൂടി അനുവദിച്ചുകൊടുക്കാൻ പാടില്ലാ എന്നു ഒരു നിയമശകലം കാണുന്നുണ്ട്. വിദ്യാഭ്യാസത്തിനു് ജനങ്ങൾക്കുള്ള ആസക്തി വർദ്ധിച്ചുവരുന്ന ഈ കാലത്തു് ഈ നിയമശകലം റദ്ദുചെയ്യേണ്ടതാണെന്നാണു് എൻറെ അഭിപ്രായം. ഒരുമയിൽദൂരെ കൊച്ചുകുട്ടികളെ അയക്കുകയെന്നുള്ളതു് മാതാപിതാക്കന്മാർക്കു് സങ്കടകരമായ ഒന്നാണു്. വിദ്യാഭ്യാസത്തിനുവേണ്ടി ജനങ്ങൾ ധാരാളം പണം ചിലവാക്കുകയും അവരുടെ സ്വന്തചിലവിന്മേൽതന്നെ പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ചെയ്യുവരുന്നുണ്ടു്. അങ്ങനെയുള്ള പള്ളിക്കൂടങ്ങളെസംബന്ധിച്ചിടത്തോളം അവ ഒരു മയിലിനകത്തായിരുന്നാൽതന്നെയും ഗ്രാൻറുകൊടുത്തില്ലെങ്കിലും അംഗീകരണമെങ്കിലും കൊടുക്കേണ്ടതാണു്. മി. ആശാൻ കഴിഞ്ഞ ബഡ്ജറുയോഗകാലത്തു് പ്രസ്താവിച്ചപ്രകാരം ഒരു ശാശ്വതനിധി മലയാളം സ്കൂൾ അദ്ധ്യാപകന്മാർക്കുവേണ്ടി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തേണ്ടതാണു്. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. REVATI NAL RAMA VARMA RAJA (*Edavagai*) : മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നതോടുകൂടി ഡ്രായിംഗ്മാസ്റ്റർമാക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന സങ്കടത്തെപ്പററി മി. മുറുവേലിൽ പാച്ചുപിള്ള സംക്ഷിപ്തമായിട്ട് ഇവിടെ പറഞ്ഞുവെങ്കിലും അതിനെപ്പററി വിശദമായിട്ട് പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഡ്രായിംഗ്മാസ്റ്റർമാരേയും മുൻഷിമാരേയും ആദ്യമായി പള്ളിക്കൂടങ്ങളിൽ നിയമിച്ചകാലത്തു് ൧൭ രൂപാവീതം ആണ് ശമ്പളം നിശ്ചയിച്ചിരുന്നതു്. എന്നാൽ Vernacular School Teacher's pay revising കമ്മിററി, ഈ സംഗതിയെ അവഗണിച്ചു മുൻഷിമാക്ക് ൨൦ മുതൽ ൨൫ രൂപാവരെ ശമ്പളം വയ്ക്കുകയും ഡ്രായിംഗ്മാസ്റ്റർമാക്ക് ൧൫ രൂപാമുതൽ ൨൦ രൂപാവരെ ശമ്പളം ക്ലിപ്തപ്പെടുത്തുകയും ചെയ്തു. അതുകൂടാതെ ഡ്രായിംഗ്മാസ്റ്റർമാരുടെ ജോലിക്കുംപുറമേ ഡ്രിൽകൂടി അവർ പഠിപ്പിക്കണമെന്നു് ഗവണ്മെൻറു തീർച്ചപ്പെടുത്തിയിരിക്കുന്നു. മലയാളം സ്കൂൾ മുൻഷിമാർ പഠിപ്പിക്കുന്നതുപോലെതന്നെ ഒരു നിർബന്ധവിഷയമാണു് ഡ്രായിംഗ്മാസ്റ്റർമാരും പഠിപ്പിക്കുന്നതു്. ഇങ്ങനെജോലിസംബന്ധിച്ചിടത്തോളംഇരുകൂട്ടരുംഒരേ നിലയിൽഇരിക്കേ ഡ്രായിംഗ്മാസ്റ്റർമാക്കു കൊടുക്കുന്ന ശമ്പളം കുറഞ്ഞതോതിൽ ആക്കിയതിന്റെ അർത്ഥമെന്താണെന്നു് മനസ്സിലാകുന്നില്ല. ഡ്രായിംഗ്മാസ്റ്റർമാക്കു ഡ്രിൽപഠിക്കുന്നതിനു് യാതൊരുസഹായവും ഇവിടെ ചെയ്തുകൊടുക്കുന്നില്ല. മദിരാശിയിൽപോയാൽമാത്രമേ ഡ്രിൽ പഠിക്കാൻസാധിക്കയുള്ളൂ. മദിരാശിയിൽപോയാൽതന്നെയും സ്കൂൾ ഫൈനൽപരീക്ഷാവിജയികൾക്കു് മാത്രമേ അഡ്മിഷനും ഉള്ളൂ. അതുകൊണ്ടുകാളേജിൽ ഡ്രിൽ പഠിപ്പിക്കുന്നതിനായിട്ടു് മദ്രാസിലയച്ചു പഠിപ്പിച്ചുവരുത്തിയിരിക്കുന്ന രണ്ടുപേരെക്കൊണ്ടു് ഡ്രായിംഗ്മാസ്റ്റർമാക്ക് ഒന്നോ രണ്ടോ മാസം ടെയിനിംഗ് നൽകുന്നതിനു് ഏർപ്പാടുചെയ്തുയും അവരുടെ ശമ്പളം ൨൦ രൂപാമുതൽ ൨൫ രൂപാവരെ ആക്കുകയും ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. MURUVELIL PACHU PILLAI (*Shertallai*) : ഡ്രായിംഗ്മാസ്റ്റർമാർ ഇപ്പോൾ എത്ര പീരിയഡ്ആണു് ജോലി ചെയ്യുവരുന്നതു്?

MR. REVATI NAL RAMA VARMA RAJA (*Edavagai*) : ഒരു ദിവസത്തിൽ മൂന്നോ നാലോ പീരിയഡ് അവക്കു് ജോലിയുണ്ടു്.

MR. MURUVELIL PACHU PILLAI (*Shertallai*) : ഇതിനുംപുറമേ ഡ്രിൽകൂടി പഠിപ്പിക്കാനവക്കു സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. REVATI NAL RAMA VARMA RAJA (*Edavagai*) : അതിനെപ്പറ്റി ഞാൻ ഇപ്പോഴം ഒന്നും പറയുന്നില്ല. ഇപ്പോൾ അവർക്ക് നേരിട്ടിരിക്കുന്ന സങ്കടത്തെ പരിഹരിക്കുന്നതിനു ഞാൻ ഒരുവഴി നിർദ്ദേശിച്ചുവെന്നേയുള്ളൂ. രണ്ടു വിഷയങ്ങളേയും വേർപെടുത്തിയാൽ വളരെ നല്ലതാണ്. പക്ഷേ ഗവണ്മെൻറു അതു ചെയ്യുമോ എന്നു് എനിക്കു സംശയമാണ്.

Mr. R. RAMAN PILLAI (*Kottayam*) : ഇതിൽ ഒന്നു പഠിപ്പിക്കുന്ന സമയത്തുതന്നെ മറെറാന്നു പഠിപ്പിക്കേണ്ടി വരികയില്ലല്ലോ?

Mr. REVATI NAL RAMA VARMA RAJA (*Edavagai*) : അങ്ങനെ വരുകയില്ല.

ഇതിനെപ്പറ്റി ഞാൻതന്നെ ഗവണ്മെൻറിലേക്കു ഒരു റിപ്രസന്റേഷൻ എഴുതിഅയച്ചിട്ടുണ്ടു്. ഡയറക്ടർ അതുനോക്കി ഈ സങ്കടങ്ങളെ തീർത്തുകൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

Mr. R. KESAVA PILLAI (*Kottarakara* cum *Kunnattur*) : I wish to say something about the way in which fees are being collected in our schools and colleges. Now, the rule is that fees in schools should be paid before the 10th of each month, and if a student fails to pay his fees on the 10th he has to pay a fine of 4 chs. even if he pays his fees on the very next day. My submission is, this is very hard. Further, if a boy fails to pay his fees, with this fine of four chackrams, on or before the 20th of the month, he has to pay a fine of three fanams, even if he pays his fees on the 21st. Sir, this is a very usurious way of levying fees from students. These rules I must say are even more severe than the rules for the collection of land revenue. The taxpayer has to pay only four chackrams more than the tax, as penalty for due payment, and that only if a demand notice has been sent to him by the Land Revenue Department. Till the date of attachment the penalty, which is nothing but the cost of the demand notice, is only four chakrams in regard to land revenue. On the other hand in the case of the young students of the country the fine goes up to three fanams even for a delay of 10 or 11 days after the due date. A boy studying in the Preparatory Class, Sir, whose school fee amounts only of $15\frac{3}{4}$ fanams has to pay a fine of three fanams if he is able to pay his fees only on the 21st of the month. This is a very severe penalty. If we take the case of college students we find that the fine that they have to pay is even higher. As the amount of the fees increases the fine which the students have to pay also increases. When this question was raised during the last Budget Session the Director of Public Instruction promised that the question would be considered. A year has elapsed and nothing has been done. I want to bring this before the House for the serious attention of the present Director of Public Instruction. I would ask him whether such a system for the levy of school fees exists in the place from where he has come.

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Kesava Pillai.]

MR. MATTHEW MURIKKAN (*Vaikom*) : Sir, I also wish to speak a few words in support of the motion brought forward by Mr. Nilakanta Pillai. The discussion so far has covered a very wide area of ground. Various, and some of the bigger, aspects of the questions have been very ably discussed by Mr. Krishna Aiyangar and Mr. Thanu Pillai and on them I do not wish to hazard any opinion. I shall therefore confine myself to some of the parochial changes which are necessary in our system of education. We have a new Director of Public Instruction and therefore I think it is very highly necessary to drive home to his mind some of the important changes which are necessary in the system of education as it obtains in Travancore to-day.

I have given notice of a cut motion intended to discuss the policy of the department towards Aided Schools. Various aspects of that question also have been discussed. Salvation for Travancore in the future lies only in the encouragement of these aided institutions. Our Government seem also the approve of this policy but to my mind, instead of encouraging them I do not know whether it is due to controlling agenceis or whether it is due to the negligence of some of these inspecting authorities various obstructions are put in the way of these institutions. Before I proceed to deal with these difficulties I wish to answer one or two charges levelled against these institutions. Sir, these aided schools are more sinned against than sinning. One of my friends on this side of the House said that there are some managers who misappropriated money. There are bad managers and good managers-there are bad characters and good characters in other walks of life. We have also heard that these managers who have been from time immemorial trying to improve the system of education in Travancore are looked upon with suspicion. I must also say that much criticism has been heaped upon these managers for exercising the power which they

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mathew Murikkan.]

have of dispensing with the services of some teachers and also the power of appointing others. Of late, Sir, some of the managers have suffered considerably at the hands of Government. If a private agency, whether it is an individual or an institution or an association, takes considerable pains in running an institution in most cases for public good, if it has the power to appoint a man as teacher, it should necessarily be deemed to have the power of dispensing with his services. There is no room for us to look upon these managers with suspicion; there is no necessity for us to think that the manager's action in dispensing with the services of a man is prompted by communal motives or a desire for money.

I have already said that various impediments are placed in the way of these managers in the matter of getting grants. When a man applies for permission to erect a school, he has to forward a plan. The Inspector inspects the site and recommends that sanction may be accorded for the construction of the school. The Director wishes to inspect the place in person. Unfortunately that happy day never dawns. Again, when an application for grant comes up to the Inspector he automatically recommends it. But the Director wants to go into it in very great detail. The result of it all is that the managers are very much handicapped.

Sir, these are some of the difficulties and I would invite the learned Director of Public Instruction just to go into this policy pursued by the Department at present and see whether he can possibly do away with these obstacles.

I also wish to say a word on the efficiency of tuition in our schools. Last time there was a controversy in connection with the results of the School Final Examinations. There was a difference of opinion. Some said that the examining body were to blame, others were of the opinion that it was a result of bad tuition and direction and so on. To my mind the defect appears to be due to this that many teachers are not encouraged. Although there are about 71 posts in the first grade and about 250 in the second grade, many posts are left vacant and are not filled up permanently. We cannot expect all the men acting in these vacancies to work with enthusiasm because as, Mr. Damodaran Asan said, a hope had been raised in them and postponed; naturally justice is denied to them. It is because they do not get real wages for their work that they are discontended. The result is bad tuition and bad examination results.

With regard to the health of the students also, I wish to add a word. The G. O. on the Administration Report of the Education Department for the year 1104 says:

"The Director will impress on the Managers of private recognised schools the extreme importance of medical examination of school children in their institutions and press for their co-operation with Government in the matter."

Of course, from that I understand that things are alright in departmental schools. But the Director must certainly insist upon physica education of students even in aided institutions.

LIBRARY ARCHIVES Kerala Legislative Assembly

I am glad to see that one question which is going to engage the attention of the Director is the development of the health of students. I am very happy to hear that. The health of the students has been for a long time neglected and I request the Director to see that he insists on the physical education of children. If the time that is devoted for correspondence in regard to trifling matters is diverted in this direction, it will produce happy results.

Finally, I would refer to one particular grievance of the candidates who have passed the School Final Examinations. For four years after the introduction of the School Final system the candidates who passed the examination were being given certificates of eligibility. After some time Government decided that it should be left to the discretion of the Head of the Department to say whether a candidate was eligible or not. The Director prescribed certain tests but in 1929, I do not exactly remember the number of the circular, Government stated that only students who held certificates entitled for college admission could be entertained in the Public service. The pity of it all is that this order has been given retrospective effect. What would be the condition of those young men who were supposed to have passed under the old rules? I think provision must somehow be made for these people. With these remarks I close my observations.

MR. P. S. MAHOMED *(Nominated)* : മി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പല വശങ്ങളെപ്പറ്റിയും ഇവിടെ പറഞ്ഞുകഴിഞ്ഞു. അതിനാൽ വീണ്ടും ഈ സഭയെ മുഷിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. മി. കുഞ്ഞിത്തൊമ്മൻ പ്രൈമറി വിദ്യാഭ്യാസം പൊതുവേ എല്ലാവർക്കും ലഭിക്കത്തക്കവിധത്തിലാക്കിത്തീർക്കണമെന്ന് പ്രസ്താവിക്കയുണ്ടായി. മിസിസ്സ് കുരുവിള നമ്മുടെ വിദ്യാഭ്യാസം ഒരു വല്ലാത്ത നിലയിൽ എത്തീട്ടുണ്ടെന്നും അതുകൊണ്ട് ഗവണ്മെൻറിന്റെ പാളിസിയിൽ ഒരു പരിവർത്തനമുണ്ടാകണമെന്ന് പ്രസ്താവിക്കയും ചെയ്തു. ഇതു രണ്ടും പരമാർത്ഥമാണ്. വിദ്യാഭ്യാസത്തിൽ നമ്മുടെ രാജ്യം മുന്നിട്ടുനിൽക്കുകയാണ്. നല്ലനിലയിലിരിക്കുന്ന ആളുകളുടെ കൂട്ടത്തിൽ സാമാന്യ വിദ്യാഭ്യാസം ഇല്ലാത്ത ആളുകൾ ഇല്ല. എന്നാൽ വിദ്യാഭ്യാസം എല്ലാവർക്കും സാധിക്കത്തക്കനിലയിലാക്കിത്തീർക്കേണ്ടതായിട്ടുണ്ട്. അതായതു് അസമതാസമുദായങ്ങളുടെ വിദ്യാഭ്യാസത്തിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഒന്നുകൂടി പതിയണം. അങ്ങനെ പതിഞ്ഞാൽ മാത്രമേ വിദ്യാഭ്യാസത്തിൽ പിന്നണിയിൽ നില്ക്കുന്ന സമുദായക്കാർക്ക് മുമ്പോട്ടു വരാൻ സാധിക്കയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഞാൻ പള്ളിക്കൂടത്തിൽ പോകാൻ സൌകര്യമുള്ള ആളുകളുടെ സ്ഥിതിയെപ്പറ്റി പറയുകയാണു്. ചിലക്കു് ചില പ്രത്യേക കാരണവശാൽ മറ്റു സമുദായങ്ങളോടൊപ്പം വിദ്യാഭ്യാസത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ടു്. ആകാരണങ്ങളിലൊന്നു് മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം അറബി ഭാഷ പഠിപ്പിക്കുന്നതിനു് വേണ്ടസൌകര്യം ഇല്ലാതിരുന്നതാണു്. അതിലെക്കു ഇപ്പോൾ ചില സൌകര്യങ്ങളെല്ലാം ചെയ്തിട്ടും ഉണ്ടു്. എന്നാൽ ഈ സഭയിൽ എന്റെ ചില സ്നേഹിതന്മാർ പറഞ്ഞപോലെ ഒരു ചിറ്റമ്മ പെരുമാറ്റമാണു് അറബിഭാഷപഠിപ്പിക്കുന്നയാളുകളെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ട്മെൻറു് അനുവർത്തിച്ചുവരുന്നതു്. അറബിമുൻഷിമാക്കു് ഫാ ഒരു ശുപയാണു് ശമ്പളംനൽകിവരുന്നതു്. അതിലേക്കുള്ളകാരണം അവക്കു് രണ്ടുമണിക്കൂർ നേരത്തെ ജോലിയേ ഉള്ളുഎന്നുള്ളതാണു്. രണ്ടുമണിക്കൂർനേരത്തെ ജോലിയേയുള്ളുഎന്നുവരികിലും അവർ അവിടെത്തന്നെ എപ്പോഴും ഉണ്ടായിരിക്കണം. ഫാർ ശുപാകൊണ്ടു് ചിലവു കഴിക്കാൻ പ്രയാസമാണെന്നു് സമ്മതിച്ച ഗവണ്മെൻറും ഈ സഭയിലെ സാമാജികന്മാരും ഫാ ഒ ശുപാകൊണ്ടു് ഈ അറബി മുൻഷിമാർ എങ്ങനെ ചിലവുകഴിക്കുമെന്നുള്ളതു് ആലോചിച്ചിട്ടില്ല. ഈ സംഗതി ഡയറക്ടരുടെ ശ്രദ്ധയിൽ പതിയേണ്ടതൊന്നാണു്. അറബി പഠിക്കേണ്ടതു് മുസ്ലിമീങ്ങൾക്കു് ഒഴിച്ചു കൂടാത്ത ഒന്നാണെന്നു് ഗവണ്മെൻറു തീർച്ചയാക്കി. ആ സ്ഥിതിക്കു് അതു പഠിപ്പിക്കുന്ന ആളുകൾക്കു് മറ്റുള്ള മുൻഷിമാരെപ്പോലെ സ്റ്റാറസ്സു് കൊടുക്കുകതന്നെ വേണം. എന്റെ സ്നേഹിതൻ മി. രാമൻപിള്ള എയിഡഡ് സ്കൂളുകളിൽ കൂടി ഉദ്യോഗ നിയമനങ്ങളെ സംബന്ധിച്ചു എന്തെങ്കിലും ചെയ്യണമെന്നും അവിടെ അക്രമം നടക്കാൻ സമ്മതിച്ചു കൂടാ എന്നും പറയുകയുണ്ടായി. അങ്ങനെ എയിഡഡ് സ്കൂളുകളിൽ കൂടി ഉദ്യോഗദാന വിഷയത്തിൽ അസമത്വം കാണിക്കാൻ പാടില്ലാ എന്നു പറയുന്ന സ്ഥിതിയ്ക്കു് പൊതു ജനങ്ങളുടെ ധനം കൊണ്ടു് നടത്തപ്പെടുന്ന ഈ ഡിപ്പാർട്ട്മെൻറിൽ എല്ലാസമുദായങ്ങൾക്കും പ്രാതിനിധ്യം വേണമെന്നു പറയുന്നതു് ഒരിക്കലും തെറ്റല്ല. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ വന്ന ഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുണ്ടു്. അതിൽ ഒരു മഹമ്മദീയനുമില്ല:

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : നായന്മാർ എത്രയുണ്ടു്?

MR. P. S. MAHOMED (*Nominated*): ഞാൻ ഓരോരുത്തരുടേയും ക

LIBRARY ARCHIVES Kerala Legislative Assembly

ണക്കു കുറിച്ചിട്ടില്ല. നായന്മാർ എത്രയുണ്ടെണ്ണ് എന്റെ സ്നേഹിത നു അറിയാമെങ്കിൽ പറഞ്ഞു കൊള്ളുക.

MR. V. S. KRISHNA PILLAI (*Tiruvalla*): ഡിപ്പാർട്ടുമെന്റൽ സ്കൂളിൽ മാത്രമാണോ ഹിന്ദു അദ്ധ്യാപകന്മാരുള്ളതു?

MR. P. S. MAHOMED (*Nominated*) : അതെ.

എന്റെ സ്നേഹിതൻ മി. താണുപിള്ള ആക്ടിംഗ് ഉദ്യോഗസ്ഥന്മാക്കെല്ലാം ജോലി കൊടുത്തതിനുശേഷം മാത്രമേ ബാക്കിയുള്ള സമുദായങ്ങൾക്കു ജോലികൊടുക്കാൻ പാടുള്ളു എന്ന ഒരു ജീ. ഒ. ഉള്ളതായി പ്രസ്താവിക്കയുണ്ടായി. എന്നാൽ ഡിപ്രസ്ഡ് ക്ലാസിനെങ്കിലും ആ രീതിഭേദപ്പെടുത്തേണ്ടതാണെന്നു എന്റെ സ്നേഹിതൻ സമ്മതിച്ചു. എന്നാൽ എന്റെ അഭിപ്രായം ഇന്നു അസഹ്യമായ വിധത്തിൽ സങ്കടമനുഭവിച്ചുവരുന്ന സമുദായങ്ങളെയെല്ലാം ഇതിൽ നിന്നും ഒഴിക്കേണ്ടതാണെന്നാണ്. ഇപ്പോൾ ഫ ഠ ൻ വ പേർ ആക്ടിംഗ് ലിസ്റ്റിലുള്ളതിൽ ഫ പേർ മഹമ്മദീയരാണ്. ഈ ഫ ഠ ൻ വ പേക്കും ഉദ്യോഗം കൊടുക്കുന്നതുവരെ ഈ ഫ മഹമ്മദീയരും സമാധാനപ്പെട്ടു കൊണ്ടിരിക്കണമെന്ന് പറയുകയാണെങ്കിൽ അതു കുറെ കഷ്ടമാണ്. നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാരോടു പറഞ്ഞാൽ "രീതി ഇങ്ങനെയിരിക്കുന്നതുകൊണ്ട് ഞങ്ങൾക്കു നിവൃത്തിയില്ല; അതുകൊണ്ടു നിങ്ങൾ ഗവണ്മെന്റിനെ അറിയിച്ച് ഈ രീതിനെ ഭേദപ്പെടുത്തിക്കൊണ്ടു വരണം" എന്നാണ് സമാധാനം പറയുന്നതു്.

MR. V. S. KRISHNA PILLAI (*Tiruvalla*) : എങ്ങനെയുള്ളവരെയാണ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടുള്ളതു്?

MR. P. S. MAHOMED (*Nominated*) : ആക്ട് ചെയ്തിട്ടുള്ളവരെയാണ് ലിസ്റ്റിൽ കൊള്ളിച്ചിട്ടുള്ളതു്. ഉദ്യോഗസ്ഥന്മാരുടെ സ്നേഹിതന്മാരേയും മറും ആക്ടിംഗായിട്ട് നിയമിച്ചിട്ടുണ്ട്. അതിനെപ്പറ്റി ഈ കൌൺസിലിൽ തന്നെ പലരും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ കൂടുതലായിട്ടു പറയുന്നില്ല.

ഈ ഫ ഠ ൻ വ പേരിൽ ൪ ഠ ഠ-ൽ ചിലപ്പോൾ പേരേ മാത്രമെ ഇപ്പോൾ നിയമിച്ചിട്ടുള്ളു. ബാക്കിയുള്ളവക്ക് ഇനിയും ഉദ്യോഗം കൊടുക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. ക്രിസ്ത്യാനികളും മഹമ്മദീയരും മറ്റു അധഃകൃതവർഗ്ഗക്കാരുംകൂടി ർ൯പേരേയുള്ളു. ബാക്കിയുള്ളവർക്കെല്ലാം ഉദ്യോഗം കൊടുത്തു കഴിയുന്നതുവരെ ഈ ർ൯പേരും കാത്തിരിക്കണം

LIBRARY ARCHIVES Kerala Legislative Assembly

[MR. P. S. MAHOMED]

എന്നുള്ള നയത്തെ സ്വല്പം ഭേദപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടു കൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. G. P. NILAKANTA PILLAI (*Karunagapalli*): Sir, I also support this motion. My object is to bring to the notice of this House the absolute necessity of imparting instructions in spinning and cottage industries. What I mean is that instruction in cottage industries should be given in places where they obtain. Now when students come out of school they look down upon manual labour. They think that it is below their dignity to engage themselves in manual labour. If this system is introduced, students after their school career will engage themselves in these indigenous industries. It will give an impetus to them to respect labour and it will also develop industries in our State. As a matter of fact, these cottage industries are deteriorating. If the Government do not earnestly take upon themselves the improvement and development of these industries, I fear, these indigenous indnstries will ultimately be wiped out. It will also solve, to a great extent, the unemployment problem in our country. My friend Mr. Kesava Pillai placed before this House the necessity for giving instruction in spinning. A question was asked by somebody how cotton could be supplied to these students. I submit that cotton could be supplied by the department and they could get its value by selling the finished material. From the Administration Report of the department, it is found that it would do a great deal for the advancement of education, especially that of the depressed classes, if provision is made for the mid-day meal of poor students. I think that if these cottage industries and spinning are introduced, the department could make an income a portion of which could be utilised for other purposes.

Mr. Kunjitomman, it seems, said that books should be supplied for the students of the depressed classes. It may rather look a little utopian but still if the department seriously thinks of giving instruction in these indigenous industries, I think it would even become practicable. I only want to place this aspect of the question before the House.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗവണ്മെൻറിൽ നിന്നും സൌജന്യമായിട്ടു പുസ്തകങ്ങളും ഇവർക്കു കൊടുത്താൽ ശരിയായിട്ട് അവർക്കു കിട്ടുകയില്ല. അതു യൂട്ടാപ്യനായിട്ട് തീരുമെന്നാണോ പറയുന്നതു്?

MR. G. P. NILAKANTA PILLAI (*Karunagapalli*): അതു പ്രായോഗികമായില്ലേ? പള്ളിക്കൂടങ്ങളിൽ വ്യവസായങ്ങളും പരിശീലിപ്പിക്കയാണെങ്കിൽ അതിൽ നിന്നും കിട്ടുന്ന ആദായത്തിലെ ഒരംശംകൊണ്ടു ഇവർക്കു പുസ്തകങ്ങളും വാങ്ങിച്ചു കൊടുക്കാൻ സാധിക്കും എന്നാണു് ഞാൻ പറഞ്ഞതു്.

I place these suggestions for the earnest consideration of the House.

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI (*Neyyattinkara*): Sir, I would also support the motion before the House. Now that the larger question of the general policy of the department was well threshed out by several members of this House, I only want to place for the attention of the new Director and the Government two or three points which I consider deserve their serious attention.

Mr. Thanu Pillai in the course of his speech referred to the step-motherly treatment accorded to our lecturers in vernacular in the collegiate institutions. I would refer to the case of a humbler set of people. I refer to the condition of Munshis in our English Schools. Sir, they are given the fat salary of Rs. 25 to 45 and they have to teach classes up to the sixth form. They engage the same classes as the other people who are drawing Rs. 150 or Rs. 175 engage. They have also to maintain discipline in the same classes. I ask, Sir, how these people could command respect among their pupils and maintain discipline among them when they occupy a position only a little above that of the Duffadar of the School. Sir, this is a matter which should engage the serious and immediate attention of the new Director and therefore I have referred to that in the first instance.

Then, Sir, there is another set of people who are also in the English Schools among whom also there is serious discontent. I refer to the under-graduate teachers who have graduated subsequently. Even though they have got degrees, they are still retained as under-graduate teachers while at the same time when vacancies in the graduate scales occur fresh graduates are put in. Sir, in the interests of the public service, and also to preserve contentment among public servants, I would request Government to come to the relief of these two sets of people, who, as I said, are labouring under serious disadvantage

Then, Sir, I would refer to the case of teachers in grant-in-aid schools with special reference to the Vernacular Schools. About the grants given to them, I would only say that they are too insufficient. These are much less than what is given in the sister state of Cochin. Whatever my friends like Mr. Murikkan might say with regard to this grant-in-aid to these teachers, my own experience in my place is that what is actually paid to them is much less than the grants received by these managers. Sir, it is because of sheer inability to pay the full amount that a much less amount is paid to the teachers by these managers. Further the advantages that are enjoyed by the teachers of the departmental schools, such as eligibility for privilege leave, do not fall to the lot of grant-in-aid school teachers. I would also support the recommendations made by Mr. Asan and some others in this House that when vacancies arise in the departmental schools a small percentage, at least 25 per cent. or so, might be taken from the Grant-in-aid schools. Another point I wish to draw the attention of the House to is the regrettable measure which I know is under the contemplation of the Government. I refer to the case of some of the under-graduate Assistant Inspectresses whom the Director has recommened to be send out as teachers. Sir, these under-graduate Assistant Inspectresses have

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Krishna Pillai.]

done yeoman service to the cause of women's education in our State Many of them have to their credit long service ranging over a period of 25 or 26 years. To ask these people to go as teachers on a lower salary, whatever might be given to them in the shape of allowances to make up for the loss of the pay, is a measure which has caused severe heart-burning to the under-graduate teachers who, as I say, have spent the major part of their service as Assistant Inspectresses. We know that most of them have been discharging their duties most efficiently. I would bring to the notice of the new Director and request him to reconsider the case of these Assistant Inspectresses. Even if such a measure is going to be adopted, I would request the Director to see that the present incumbents are not disturbed in any case.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): May I know from the member, how many there are?

MR. N. K. KRISHNA PILLAI (*Neyyattinkara*): Five or six.

MR. A. C. KRIAKOSE (*Minachil* cum *Devicolam*): സമയം എത്ര യുണ്ടെന്ന് അറിഞ്ഞാൽ കൊള്ളാം.

PRESIDENT: You have still got 15 minutes to-day.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): സർ, എനിക്കും ഈ വിഷയത്തെപ്പറ്റി അല്പം പറയുവാനുണ്ട്. അതിനാൽ മി. കേ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ അനുശ്രയിച്ച് ഇവിടെ എന്റെ അഭിപ്രായം പ്രകാശിപ്പിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഇതേവരെ അനേക വിമർശനങ്ങൾ നടന്നുകഴിഞ്ഞു. വിവിധ ശാഖകളിലായി ഡിപ്പാർട്ടുമെൻറിന്റെ എല്ലാഭരണശാഖകളേയും സ്പർശിച്ചുള്ള ദീർഘങ്ങളായ നിരൂപണങ്ങളിൽനിന്ന് അനേക കാര്യങ്ങൾ വിശദമായിട്ടുണ്ട്. സുലഭമായിധനവ്യയം ചെയ്ത് സംരക്ഷിക്കുന്നതും എല്ലാവരുടേയും ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിട്ടുള്ളതുമായ ഈ ഡിപ്പാർട്ടുമെൻറിൽ വിമർശനത്തിന് ധാരാളം അവകാശം ഉണ്ടെന്നാണ് ഞാൻ ഇതിൽനിന്നും മനസ്സിലാക്കുന്നത്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ താല്കാലികസ്ഥിതി ഭേദപ്പെടുത്തി ജനങ്ങൾക്ക് കൂടുതൽ അനുകൂലതരവും തൃപ്തികരവുമാക്കിത്തീർത്താൽ കൊള്ളാമെന്നുള്ള ആഗ്രഹം സാർവ്വത്രികമായിട്ടുണ്ടായിട്ടുണ്ടെന്നാണ് ഇവിടെ ഉണ്ടായ പ്രസ്താവനകളിൽനിന്നും നാം മനസ്സിലാക്കേണ്ടത്. നാട്ടിൽ വളർന്നുവരുന്ന വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കണം. അതിനായി പ്രതിവർഷം വമ്പിച്ച ഒരു സംഖ്യവീതം ചിലവാക്കിവരുന്നു. ക്രമേണ വളർന്നുവരുന്ന ഈ ചിലവിനെ കുറയ്ക്കുവാൻ മാർഗ്ഗം കാണുന്നില്ല. ഇനിയും ചിലവ് വർദ്ധിക്കുന്നതു് അപകടകരവുമാണ്. ഇപ്പോൾ നടത്തിവരുന്ന വിദ്യാഭ്യാസ സംപ്രദായവും തദ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥമുള്ള ചിലവും താരതമ്യപ്പെടുത്തിനോക്കിയാൽ പ്രയോജനത്തേക്കാൾ ദ്രവ്യവ്യയം അധികരിക്കുന്നു എന്നു സ്പഷ്ടമാകും. ഈ സ്ഥിതിയിൽതന്നെ ഡിപ്പാർട്ട്മെൻറു തുടർന്നു പ്രവർത്തിച്ചുകൊണ്ടുപോയാൽ രാജ്യത്തിൻറെ ഭാവി എങ്ങിനെ പരിണമിക്കുമെന്നുള്ളതിനെപ്പറ്റി ശങ്കിക്കേണ്ടതായിട്ടാണിരിക്കുന്നതു്. നമ്മുടെ വിദ്യാഭ്യാസഡിപ്പാർട്ട്മെൻറിനെപ്പറ്റിയഥോചിതം വിവരിക്കുന്നതിലേക്ക് ഈ സമയം വീരെ മതിയാകയില്ല. ആ സ്ഥിതിക്കു തല്ക്കാലസൌകര്യത്തിൽ എനിക്കുപറയാനുള്ളതു് ചുരുക്കിപ്പറയുവാനേ നിവൃത്തമുള്ളൂ.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ പ്രാധാന്യേന രണ്ടുവകുപ്പുകളാണല്ലോ ഉള്ളതു്. അതായതു് ഇംഗ്ലീഷും മലയാളവും. ഈ രണ്ടുവകുപ്പിലേക്കുമായി ഇപ്പോൾ ധാരാളം പണവും ചിലവാക്കിവരുന്നുണ്ടു്. ഇതിനും പുറമെ പ്രൈവറു് മാനേജുമെൻറിലുള്ള സ്കൂളുകൾക്കായി ഗ്രാൻറു നൽകുന്നതിനും പ്രതിവർഷം നല്ല ഒരു സംഖ്യ ചിലവാക്കിക്കൊണ്ടിരിക്കുന്നു. ഇതൊക്കെയായിട്ടും രാജ്യവാസികൾക്കു് സാവ്രുതികമായ വിദ്യാഭ്യാസാവശ്യം നിർവഹിച്ചുകൊണ്ടിരിക്കുന്നതിലേക്കു് കുഴിയുന്നുമില്ല. സുലഭമായി പ്രൈവറുമാനേജ്മെൻറൽ സ്കൂളുകൾ ഇല്ലായിരുന്നുവെങ്കിൽ ഇപ്പോഴത്തേതിൽ പകുതിപോലും വിദ്യാഭ്യാസസൌകര്യം നൽകുവാൻ ഗവണ്മെൻറു ശക്തമായിതീരുകയില്ലായിരുന്നു. ആ സ്ഥിതിക്കു് ഗ്രാൻറു സ്കൂൾ ഒരു അനുഗ്രഹമാണു്. ഗ്രാൻറുസ്കൂൾ മാനേജർമാർ, അവർ വാങ്ങുന്ന ഗ്രാൻറിനു് ശരിയായ കണക്കു വയ്ക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചു ഇവിടെ ഒരു പരിഭ്രമം കാണുന്നുണ്ടു്. എന്നാൽ രാജ്യത്തിലെ വലിയ ഒരംശം വിദ്യാഭ്യാസാവശ്യം നിർവഹിക്കുന്ന ഇത്തരം സ്കൂൾ പ്രവർത്തകന്മാരെ സംബന്ധിച്ചു അഭിമാനപൂർവമായിട്ടാണു നാം ചിന്തിക്കേണ്ടതു് എന്നോർക്കണം. ഗ്രാൻറായി നൽകുന്ന പണം മുഴുവനും പ്രൈവറുസ്കൂൾമാനേജർമാർ വിദ്യാഭ്യാസാവശ്യത്തിനുതന്നെവിനിയോഗിക്കുന്നുണ്ടോ എന്നുഇവിടെ ചില സ്നേഹിതന്മാർ സംശയിക്കുന്നതായി കാണുന്നു. ഈ സംശയത്തിനുഹേതു, ആതരത്തിലും ചില പള്ളിക്കൂടങ്ങളെ പരിചയപ്പെടുവാൻ കാരണമായതായിരിക്കണം. എന്നാൽ ഇതുകൊണ്ടുമാത്രം മാനേജ്മെൻറിനെ പൊതുവിൽബാധിക്കുന്നവിധം പ്രൈവറുസ്കൂളുകളെ ദോഷാരോപണംചെയ്യാൻ പാടില്ലാത്തതാണു്. അഥവാ ന്യായമായവിധം ഗ്രാൻറുവകപണം ഉപയോഗിക്കാത്ത ചില പള്ളിക്കൂടങ്ങൾ ഉണ്ടായിരിക്കാം. അങ്ങനെ ഉണ്ടെങ്കിൽ തന്നേയും അവയെപ്പറ്റി ശരിയായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

അനേഷണംനടത്താൻ ചുമതലപ്പെട്ടത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ അശ്രദ്ധകൊണ്ടുമാത്രം ഇതിന്മണ്ണം സംഭവിക്കുന്നതായിരിക്കുവാനേ മാർഗ്ഗമുള്ളൂ. ഇങ്ങനെ ഏതാനും ചില വ്യക്തികളിൽ കാണപ്പെടുന്നതോ, പ്രത്യേകം ചില കാരണങ്ങളാൽ ഉണ്ടാകുന്നതോആയ ന്യൂനതകളുടെചില ലക്ഷ്യങ്ങളെമാത്രം ആസ്പദമാക്കി മാനേജ്മെൻറിനെയെല്ലാം ഒരുപോലെ കുറപ്പെടുത്താൻപാടില്ലാത്തതാണ്. ഇങ്ങനെ വരുന്ന ദോഷം എല്ലാമാനേജുമെൻറിനേയും ഒരുപോലെബാധിക്കുകയില്ലഎന്ന് ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഇനി മാനേജുമെൻറു വകയായി നടന്നുവരുന്ന നാട്ടുഭാഷാപള്ളിക്കൂടങ്ങളെ ബാധിക്കുന്നതായി ഒന്നുരണ്ടു സംഗതികൾ എനിക്ക് സൂചിപ്പിക്കുവാനുണ്ട്. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്ന് വർണ്ണാക്യുലർ സ്കൂൾ അദ്ധ്യാപകന്മാർക്ക് പത്തുരൂപാ ശമ്പളംകൊടുത്തുകൊണ്ടിരുന്നപ്പോൾ അതു ഗ്രേഡിൽ കുടിവക പാഠശാലയിലിരുന്നിരുന്ന അദ്ധ്യാപകന്മാർക്കു അതുരൂപാപ്രകാരം ഗ്രാൻറുനൽകിവന്നു. ഇതിനും പുറമേ അദ്ധ്യാപനം സംബന്ധിച്ചു പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാർക്കു കൂടുതൽ ഗ്രാൻറുംനൽകിയിരുന്നു. ഗ്രാൻറും വർദ്ധിപ്പിക്കേണമെന്നും, കൊടുത്തുവരുന്ന ഗ്രാൻറു പോരാഎന്നും ജനപ്രതിനിധിസഭയിൽ വാദമുണ്ടായതിൻെറ ഫലമായി അതുരൂപാ ഗ്രാൻറു നൽകിയിരുന്ന അദ്ധ്യാപന്മാർക്കു ഒന്നേ രൂപായായി ഗ്രാൻറു വർദ്ധിപ്പിച്ചു. അതായത് പത്തുരൂപാ ശമ്പളം നൽകിയിരുന്ന ഡിപ്പാർട്ടുമെൻറുസ്കൂൾ അദ്ധ്യാപകന്മാർക്കു തുല്യം പ്രൈവറുമാനേജുമെൻറിലിരുന്നിരുന്ന അദ്ധ്യാപകന്മാർക്കു ശമ്പളത്തിൻെറ ൈ ശതമാനം വീതംഗ്രാൻറുനൽകുക എന്ന വ്യവസ്ഥയുണ്ടാക്കി. ഈ തോതനുസരിച്ചാണ് കുറേക്കാലമായിവെർണാക്യുലർസ്കൂളിൽ ഗ്രാൻറുനൽകിക്കൊണ്ടിരുന്നത്. ഇപ്പോഴത്തെ പരിഷ്കാരപ്രകാരംഗ്രാൻറിൽ ഫ രൂപാ കുട്ടിവരുന്നു രൂപാ ഗ്രാൻറാക്കിയിരിക്കുന്നു. പക്ഷേ ഫ ഠ രൂപാശമ്പളം ലഭിച്ചിരുന്നസ്ഥാനത്തു, ഡിപ്പാർട്ടുമെൻറൽസ്കൂൾ വാദ്ധ്യാന്മാർക്ക് കുറഞ്ഞതു ഫ ഭ രൂപയായി ശമ്പളംവർദ്ധിപ്പിച്ചിട്ടുമുണ്ട്. ക്രമേണ ശമ്പളം കൂട്ടിക്കിട്ടുവാനും വ്യവസ്ഥചെയ്തിരിക്കുന്നു. ഈ ഏർപ്പാട് മുൻവ്യവസ്ഥകൾക്കു വിപരീതമായി, മാനേജുമെൻറൽ സ്കൂളുകളുടെ നടത്തിപ്പിനു വിഷമം വർദ്ധിപ്പിക്കുന്നതും, നൽകിക്കൊണ്ടിരുന്ന സഹായത്തിനു പ്രത്യക്ഷമായ കുറവു വരുത്തുന്നതും ആണെന്നു പ്രത്യേകം പറയേണ്ടതില്ല. ഡിപ്പാർട്ടുമെൻറൽ സ്കൂളുകളാണെങ്കിൽ, എൻെറ ചില സ്നേഹിതന്മാർ ഇതിനുമുമ്പ് ഇവിടെ പറഞ്ഞതുപോലെ, വിദ്യാഭ്യാസ ചട്ടങ്ങളെ യാതൊരു പ്രകാരത്തിലും

LIBRARY ARCHIVES Kerala Legislative Assembly

ആദരിക്കാത്തവിധത്തിൽ, സ്ഥലസൌകര്യം, അകസാമാനങ്ങൾ, പാഠോപകരണങ്ങൾ മുതലായവ വളരെകുറവായും മോശമായുമുള്ള വിധത്തിൽ നടത്തിക്കൊണ്ടിരിക്കുന്നതിനു ധാരാളം ഉദാഹരണങ്ങളുണ്ട്. ഗ്രാൻറുസ്കൂളുകൾ ഇന്നതരത്തിൽ ഇരിക്കണമെന്നുള്ള നിർദ്ദേശത്തിനു വിപരീതമായി വല്ലതുംകണ്ടാൽ ഇൻസ്പെക്ടർമാർ ഗ്രാൻറുകൊടുക്കാതെ കഷ്ടപ്പെടുത്തുന്നതിനുദാഹരണങ്ങളും പലതുണ്ട്. ഈവിധം സ്കൂളുകൾനടത്തുന്നമാനേജർമാർ മുൻവിവരിക്കപ്പെട്ടവിധംവളരെസങ്കടപ്പെട്ട്, വിഷമംസഹിച്ച്, ഇപ്പോൾ സ്കൂൾനടത്തിക്കൊണ്ടിരിക്കുന്നു. കായ്ക്കുംതോറും നടന്നുകൊണ്ടിരിക്കുന്നതു ഇങ്ങനെയാണെങ്കിലും വിദ്യാഭ്യാസപരിഷ്കാരം എന്നപേരിൽ ഡിപ്പാർട്ടുമെൻറൽവെർണാക്യുലർസ്കൂളുകളെല്ലാം വിശ്വാസയോഗ്യമായ മാനേജുമെൻറിൽഏൽപ്പിച്ച് നടത്തുന്നതു നന്നായിരിക്കുമെന്നു എൻെറ ചില സ്നേഹിതന്മാർ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. ഇതിൽ എനിക്കും വലിയപക്ഷാന്തരമില്ലെങ്കിലും, ഈ പരിഷ്കാരത്തിൻെറ അപ്രായോഗികതയെപ്പറ്റിക്കൂടി ചിന്തിക്കാതെയിരിക്കുവാൻ കഴിയുന്നില്ല. അതിനാൽ ഈ പരിഷ്കാരത്തിലുള്ളവിഷമതകളെചൂണ്ടികാണിക്കാതെയിരിക്കുവാൻ നിവൃത്തിയില്ലാതെവന്നിരിക്കുന്നു. ഒന്നോ രണ്ടോ പള്ളിക്കൂടങ്ങളാണെങ്കിൽ ഇതിനുമണ്ണം വിട്ടുകൊടുക്കുവാൻ വിഷമമോ വിരോധമോ ഇല്ല. ഇത്രവളരെ അദ്ധ്യാപകന്മാർ—ജാതിവിഭാഗം തിരിച്ചൊരു പട്ടികതയ്യാറാക്കാൻവിഷമം നേരിടത്തക്കവണ്ണം അത്ര വിപുലമായ ഒരു സംഖ്യവരുമെന്നു ഗവണ്മെൻറുതന്നെ സമ്മതിക്കത്തക്കവണ്ണം; ഭീമമായ ഒരു സംഖ്യവരുന്ന ഡിപ്പാർട്ടുമെൻറൽ പാഠശാലകളിലെ അദ്ധ്യാപകന്മാർ—അവരുടെ സർവീസിനെ ഉപേക്ഷിച്ച് മാനേജുമെൻറൽസ്കൂളുകളിലിരുന്നു കഴിച്ചുകൂട്ടിക്കൊള്ളണമെന്നൊരു നിശ്ചയത്തിനു് അനുകൂലിച്ചുകൊള്ളുമോ എന്നു് എനിക്കു ബലമായ സംശയമുണ്ടു്. അഥവാ സ്കൂൾവിട്ടുകൊടുത്താൽതന്നെയും അദ്ധ്യാപകന്മാർ സർവീസുവിട്ടുപോകയില്ല. ഗവണ്മെൻറിനു് അദ്ധ്യാപകന്മാരേ അങ്ങനെ വിട്ടുകൊടുക്കുവാൻ അവകാശവുമില്ല. പിന്നെ ഈ പരിഷ്കാരം എങ്ങനെ നടത്താമെന്നാണു് ചിന്തിക്കേണ്ടതു്. ഡിപ്പാർട്ടുമെൻറിൽ ആശ്രയിച്ചു ഗവണ്മെൻറു സർവീസിലിരിക്കുന്ന അദ്ധ്യാപകന്മാരിൽ, പെൻഷൻപറ്റിയും മറുതരത്തിലുമായി പ്രതിവർഷം ഓരോ ചെറിയ സംഖ്യ സർവീസുവിട്ടു പുറത്തുവരാവുന്നതാണു്. അങ്ങനെ കുറഞ്ഞുവരുന്ന അദ്ധ്യാപകന്മാരുടെ സംഖ്യ കണക്കാക്കി ഏതാനും സ്കൂളുകൾ നല്ലയോഗ്യതയുള്ള മാനേജുമെൻറിലേക്കു—ഇവിടെ ജാതിയോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

മതമോ നോക്കേണ്ട ആവശ്യമില്ല—ഒന്നും രണ്ടുമായി വിട്ടുകൊടുത്തു് വെർണാക്യുലർ സ്കൂളുകളുടെ സംഖ്യ ക്രമേണ കുറയ്ക്കാവുന്നതാണു്. അങ്ങനെ ക്രമേണ ഡിപ്പാർട്ടുമെൻറൽ വെർണാക്യുലർ സ്കൂളുകളുടെ സംഖ്യ കുറച്ചുകൊണ്ടുവരുന്നതു നല്ലതുമാണു്. മാനേജുമെൻറൽ സ്കൂളുകളെ കുറെക്കൂടി ന്യായമായിട്ടു സഹായിക്കയുംവേണം. വിദ്യാഭ്യാസകാര്യത്തിൽ ഗവണ്മെൻറിനെസഹായിച്ചുകൊണ്ടിരിക്കുന്നമാനേജർമാരെ ഇൻസ്പെക്ടുമാർ ന്യായമായി ബഹുമാനിക്കയും, അവരോടുള്ള പെരുമാറ്റം മാന്യനിലയിൽതന്നെയായിരിക്കയും ചെയ്യേണ്ടതാണു്. ഇപ്പോൾ ഇതിനു വിപരീതമായിരിക്കുന്നതിനും ഉദാഹരണം ധാരാളം പറയാനുണ്ടു്.

വെർണാക്യുലർ വകുപ്പിനെപ്പറ്റി മറെറാരു സംഗതിക്കൂടി ആലോചിക്കാനുണ്ടു്. മലയാളം പള്ളിക്കൂടങ്ങളിൽ ൧-ാം ക്ലാസിൽ വച്ചു് ഒരു പബ്ലിക്ക് പരീക്ഷ നടത്തുന്നുണ്ടു്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലാണെങ്കിൽ സ്വ-ാംഫാറത്തിൽവച്ചു് ആണു് ഇങ്ങനെ ഒരു പരീക്ഷനടത്തുന്നതു്. ഏഴാംക്ലാസ്പരീക്ഷ ജയിച്ചവക്കു് ഇംഗ്ലീഷ്സ്കൂളിൽ രണ്ടാംഫാറത്തിലാണു് പ്രായേണ പ്രവേശനം കിട്ടുന്നതു്. ആ സ്ഥിതിക്കു് ഈ ഏഴാംക്ലാസ് പരീക്ഷയുടെ സ്ഥാനം എന്താണെന്നു എനിക്കുമനസ്സിലാകുന്നില്ല.

ഇംഗ്ലീഷ്ഹൈസ്കൂൾ എന്നതുപോലെ മലയാളം ഹൈസ്കൂൾ എന്നൊരുവക സ്കൂളുകളുമുണ്ടു്. ഹൈസ്കൂളുകളിൽ ൯-ാംക്ലാസുവരെയാണുള്ളതു്. ഒൻപതാംക്ലാസിൽ ഒരു പരീക്ഷയും നടത്തുന്നു. ഈ പരീക്ഷ ജയിച്ചുകഴിഞ്ഞാൽ പിന്നെ ൧-ാംക്ലാസു പരീക്ഷക്കു് സ്ഥാനമില്ലല്ലോ. അല്ലെങ്കിൽ തന്നെയും ഈ ഏഴാംക്ലാസ് പരീക്ഷ ഇപ്പോൾ അസ്ഥാനത്തിലാണു്. ഏഴാംക്ലാസ്പരീക്ഷ പാസായിവരുന്ന വിദ്യാർത്ഥികൾക്കുതന്നെ ഇപ്പോൾ ഭാഷ ശരിയായി ഉപയോഗിക്കുവാനുള്ള ശക്തിയില്ലാതെയാണിരിക്കുന്നതു്. അവരുടെ ഭാഷാജ്ഞാനം തൃപ്തികരമായിരിക്കുന്നുണ്ടോ എന്നു് എനിക്കു വളരെ സംശയമുണ്ടു്എന്നു ധരിച്ചാൽമതിയാകും. ഈ തരത്തിലൊരു പരീക്ഷ വച്ചുകൊണ്ടിരുന്നിട്ടു് എന്താണു് പ്രയോജനം എന്നു് എനിക്കു് ഗ്രഹിക്കുവാൻതീരെ കഴിയുന്നില്ല.

മലയാളം പള്ളിക്കൂടങ്ങളിൽ പഠിക്കുന്നവരിൽ അധികവും സാധാരണ പാവപ്പെട്ടവരായിരിക്കാം. ൧-ാംക്ലാസ്സു പരീക്ഷ ജയിച്ചുകഴിഞ്ഞാൽ വല്ലതുമൊരു ഉദ്യോഗം കിട്ടുമെന്നുകരുതി അവർ പഠിക്കുന്നു. പക്ഷെ, അവർക്കു് ഉദ്യോഗമോ, മറെറതെങ്കിലും തരത്തിലുള്ള പ്രയോജനങ്ങളൊ ഉണ്ടാകുന്നില്ല. ഭാഷാജ്ഞാനംപോലും വേണ്ടവിധത്തിൽ ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്ത ഈ തരം പരീക്ഷകളുടെ കാലം തുലോം കഴിഞ്ഞിരിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മിഡിൽസ്കൂളുകളിലെ ഏഴാംക്ലാസിൽ പഠിക്കുന്നവക്കുവേണ്ടി ഇപ്പോൾ നടത്തിവരുന്ന പരീക്ഷ നിറുത്തൽചെയ്യാവുന്നതും, നിറുത്തൽചെയ്യേണ്ടതുമാണ്. ഈ പരീക്ഷക്ക് ഈ വർഷത്തിൽ ഇരുപതോ, ഇരുപത്തിഅഞ്ചോ ശതമാനം വിദ്യാർത്ഥികളായിരുന്ന വിജയികളായത്. എങ്കിലും തത്സംബന്ധമായി പൊതുജനങ്ങൾക്ക് യാതൊരുപരാതിയും ഉണ്ടായതായിക്കണ്ടില്ല. ഇംഗ്ലീഷ്സ്കൂൾ ലീവിംഗ് പരീക്ഷക്ക് പന്ത്രശതമാനംകുട്ടികൾ ആദ്യംജയിച്ചിരുന്നിട്ടും ജനങ്ങൾതൃപ്തിപ്പെട്ടില്ല. ഈ കൌൺസിലിൽതന്നെയും ആ സംഗതിഗൌരവമായആലോചനയ്ക്ക് വിഷയമാക്കിത്തീർത്തിരുന്നു. ഇതുകൊണ്ടും മനസ്സിലാക്കാവുന്നത് പൊതുജനശ്രദ്ധയിൽപോലും ഈ ക്ലാസ് പരീക്ഷനിസ്സാരമായി പരിണമിച്ചിരിക്കുന്ന എന്നാണല്ലോ. ഇംഗ്ലീഷ്ഹൈസ്കൂൾവിദ്യാഭ്യാസം ഹൈസ്കൂൾ ആറാംഫാറത്തിൽ അവസാനിക്കുന്ന ഒരു പരീക്ഷകൊണ്ട് സാമാന്യമായ ഒരു പടിയിൽ അഭ്യസനം എത്തിക്കത്തക്കവണ്ണമാണ്ട് ഏർപ്പാടുചെയ്തിരിക്കുന്നത്. ഇംഗ്ലീഷ്മിഡിൽസ്കൂളുകളിൽ ക്ലാസുപരീക്ഷകളല്ലാതെ ഇതിനുപുറമെമറുപരീക്ഷയൊന്നുമില്ലതാനും. മലയാളം ഹൈസ്കൂളിലാണെങ്കിൽ, ഒൻപതാംക്ലാസിൽ പഠിച്ചാണ് പരീക്ഷയിൽജയിക്കേണ്ടത്. ഈസ്ഥിതിക്ക് ഒരു മലയാളമിഡിൽസ്കൂൾപരീക്ഷക്രൂടി നടത്തുന്നതിന് പ്രത്യേകകാരണംതന്നെ കാണിക്കേണ്ടതായിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ, മലയാളം പള്ളിക്കൂടങ്ങളിൽ പണ്ടത്തെ ക്രമമനുസരിച്ച് നാലാംക്ലാസുകാംഉള്ളവയെ മിഡിൽസ്കൂളുകാം എന്നു നിശ്ചയിച്ച് അവയിൽ ക്ലാസുപരീക്ഷയിൽ ജയിക്കുന്നവക്ക് ഹൈസ്കൂളിൽചേർന്നുപഠിക്കാൻ അനുവാദംമാത്രം നാംകൊടുത്താൽ മതിയാകുമെന്നാണ് തോന്നുന്നത്. ഹൈസ്കൂളിൽ ഒന്നാം വർഷം ൻ-ാം ക്ലാസുകളും ൻ-ാം ക്ലാസിൽമാത്രം ഒരു ഗവണ്മെൻറു പരീക്ഷയുമുണ്ടായിരിക്കണം. അപ്പോാം ഇംഗ്ലീഷും മലയാളവും ഹൈസ്കൂളുകളുടേയും, മിഡിൽസ്കൂളുകളുടേയും ഘടനക്ക് ഏതാണ്ടൊരു ഐകരൂപ്യവുമാകും. ഉപരിഭാഷാപഠനത്തിന് തല്പരന്മാരായ വിദ്യാർത്ഥികാംക്കു പഠനാവശ്യം നിർവ്വഹിക്കുനായി ഓരോതാലൂക്കിലും ഓരോ മലയാളം ഹൈസ്കൂൾവീതംവേണം. ക്രൂടുതൽ വേണ്ടിവരുന്നേടത്ത് പ്രൈവറ്റ് ഏജൻസികാംമുലം ഈതരം സ്കൂളുകാംനടത്തിച്ച് ആവശ്യം നിർവ്വഹിക്കുകയും ചെയ്യാം. ഇങ്ങനേയോ ഇതിനനുകൂലമായോ ഒരു പദ്ധതി ഏർപ്പെടുത്തേണ്ടതു നാട്ടുഭാഷാവിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഭ്യാസത്തിന്റെ കാര്യത്തിൽ ഏറ്റവും ആവശ്യമായിട്ടുള്ളതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഗ്രാന്റ്സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവണ്മെന്റ്സ്കൂളുകളിൽ നിയമിക്കുന്ന ഒരു നിർബന്ധനയം പാടിക്കപ്പെടണം എന്ന് എന്റെ ചിലസ്നേഹിതന്മാർ ഇവിടെ അഭിപ്രായപ്പെടുകയുണ്ടായി. എനിക്ക് ഈ കാര്യത്തിൽ അഭിപ്രായാന്തരമാണുള്ളത്. ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്മാരെ സർവീസിലേക്ക് എടുക്കുവാൻ ഇപ്പോൾതന്നെ പ്രതിബന്ധമുള്ളതായിട്ട് തോന്നുന്നില്ല. ചുരുങ്ങിയ വയസ്സിനുമുമ്പ് ലൈസൻസ് സ്വാങ്ങി ഗ്രാന്റ്സ്കൂളുകളിൽ ഇരിക്കുന്ന അദ്ധ്യാപകന്മാരെ സർവീസിലേക്ക് എടുക്കാം. എന്നാൽ അങ്ങനെ എടുക്കേണമെന്നും നിർബന്ധമില്ല. എടുത്തേമതിയാവൂ എന്ന് നിർബന്ധിക്കുവാനും പാടില്ലാ.

MR. N. K. KRISHNA PILLAI (*Neyyattinkara*): ഇപ്പോൾ ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്മാരെ അങ്ങനെ നിയമിച്ചുവരുന്നുണ്ടോ?

MR. A. C. KURIAKOSE (*Finachil cum Devicolam*): അങ്ങനെ നിയമിച്ചിട്ടുണ്ട്. നിയമിക്കയുംചെയ്യാം. അതിന് പ്രതിബന്ധമില്ല. എന്നാൽ അത് ഡിപ്പാർട്ട്മെന്റ് നയമായി സ്വീകരിക്കുവാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. അതിനുകാരണവും പറയാം. ഇങ്ങനെ മാറുന്നതിൽ ഒരു വലുതായ ന്യൂനതയുണ്ട്.

ഗ്രാന്റ്സ്കൂൾ അദ്ധ്യാപകമാരെ സക്കാർസ്കൂളിൽ നിയമിക്കുന്ന ഒരു നിർബന്ധിതനയം സ്വീകരിക്കുന്നപക്ഷം, വിശ്വാസമുള്ള മാനേജ്മെന്റിൽ ഗവണ്മെന്റ് പള്ളിക്കൂടങ്ങൾ ഏൽപ്പിച്ചുകൊടുത്ത് നടത്തുവാൻ ഏർപ്പാട്ചെയ്യണമെന്ന് ഇന്ന് അഭിപ്രായപ്പെടുന്ന ജനപ്രതിനിധികൾതന്നെ ഒരു പത്തുകൊല്ലം കഴിയുമ്പോൾ, പ്രൈവറ്റ്മാനേജ്മെന്റിലുള്ള സ്കൂളുകൾതന്നെ ഒരു വക ഇല്ലാതിരുന്നുവെങ്കിൽ കൊള്ളാമായിരുന്നുവെന്ന് അഭിപ്രായപ്പെടേണ്ടിവരും. പ്രൈവറ്റ്സ്കൂളുകളിലിരിക്കുന്ന പ്രാപ്തിയുള്ള അദ്ധ്യാപകന്മാരെ ക്രമേണ ഗവണ്മെന്റ് സർവീസിലേക്ക് എടുത്തുകൊണ്ടും, പ്രൈവറ്റ്സ്കൂളുകളിൽ എപ്പോഴും പുതിയ അദ്ധ്യാപകന്മാരെ നിയമിച്ചുകൊണ്ടും ഇരുന്നാൽ ഉണ്ടാകാവുന്ന ഫലം ഇതാണ്.

ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്മാക്ക് സക്കാർസ്കൂളുകളിലേക്കു പോകുവാൻതാല്പര്യം കാണുമായിരിക്കാം. അവർ സക്കാർസർവീസിനെ കൂടുകാര്യമായിട്ട് കരുതുന്നതാണ്. പെൻഷന്റെ അവകാശവും കാര്യമാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടതന്നെയാണല്ലോ പരിഗണിക്കപ്പെടുന്നത്. എന്നാൽ ഇപ്രകാരം ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെസക്കാർ സർവീസിലേക്കു എടുക്കുക എന്നൊരു ക്ലിപ്തമായ നയം പാലിച്ചാൽ, ക്രമേണ ഗ്രാൻറ്സ്കൂളുകളുടെ സ്ഥിതി മോശമാകും. ഇപ്പോൾ ഗ്രാൻറ്സ്കൂളുകളുടെ സ്ഥിതി ഡിപ്പാർട്ടുമെൻറ്സ്കൂളുകളുടെതിനേക്കാൾ മോശമല്ല. ചില സംഗതികളിൽ അവ കൂടുതൽ നല്ലതാണു്. സക്കാർ പള്ളിക്കൂടങ്ങളിലേക്കു് അദ്ധ്യാപകന്മാരെ പ്രവേശിപ്പിക്കുന്നതിനുള്ള ഒരു പ്രാരംഭടെസ്റ്റിനിംഗ് സ്ഥാപനമായിട്ടു് ഗ്രാൻറ്സ്കൂളുകളെ പരിഗണിക്കുവാൻ ഇടയാക്കരുതാത്തതാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Karthikapalli*): അദ്ധ്യാപകന്മാർ ഗ്രാൻറ്സ്കൂളുകളിൽനിന്നും സക്കാർപള്ളിക്കൂടങ്ങളിലേക്കു പോകണമെന്നു ആഗ്രഹിക്കുന്നതിനുള്ള കാരണമെന്താണു്?

MR. A. C. KURIAKOSE (*Minachil* cum *Devicolam*): കാരണംപറയാം. അതു പലതായിരിക്കാമെന്നുവയ്ക്കുക. അതല്ല ഇവിടത്തെ പ്രതിപാദ്യം. ആരുംതന്നെ ഇതിനുമുമ്പു പ്രത്യേകം പറകപോലുംചെയ്യാത്ത ഒരു പദ്ധതിയെ ആസ്പദമാക്കിയാണു ഞാൻഇവിടെ വിവരിച്ചുവരുന്നതു്. അങ്ങനെയുള്ള ഒരു കായ്മാകുമ്പോൾപെട്ടന്നു ആ കായ്മത്തിൽ സംശയങ്ങൾ ജനിക്കുക സ്വാഭാവികവുമാണു്. എന്നാൽ ഞാൻപറഞ്ഞുതീരുമ്പോൾ സംശയനിവാരണം വരുമെന്നുകരുതുന്നു. കാരണം എന്തുതന്നെയായാലും മുൻപറഞ്ഞതുപോലെ ഒരു നയം ഗവണ്മെൻറു തുടങ്ങിയാൽപ്രാപ്തിയുള്ള ഒരു അദ്ധ്യാപകനെ സ്വന്തസ്കൂളിൽ വച്ചുകൊണ്ടിരിക്കാൻ മാനേജർക്കു് വിഷമംനേരിടും. അതാണു് പ്രത്യേകംശ്രദ്ധിക്കേണ്ടതായിരിക്കുന്നതു്. നാട്ടുംപുറങ്ങളിൽ ഗവണ്മെൻറുദ്യോഗത്തിനു മഹത്വം കൂടുന്നതുകൊണ്ടും മുൻപറയപ്പെട്ടതുപോലെ പെൻഷൻമുതലായ ആനുകൂല്യങ്ങൾലഭിക്കുന്നതുനിമിത്തവും മറ്റും പലഉദ്ദേശങ്ങളും ഉണ്ടായിരിക്കാവുന്നതിനാലും സർവീസിൽ പ്രവേശിക്കുവാൻ സൗകര്യം അധികമായാൽ മാനേജർമാർക്കു നേരിടാവുന്നവിഷമം വളരെയായിരിക്കുമെന്നുള്ളതു തീർച്ചയാണു്.

ഇനി ഇംഗ്ലീഷുപള്ളിക്കൂടങ്ങളുടെ കഥയെപ്പറ്റി ചിന്തിക്കാം. ഇംഗ്ലീഷ് സ്കൂളിൽനിന്നു ഒരു അദ്ധ്യാപകനെ ഗവണ്മെൻറു സ്കൂളിൽ നിയമിക്കയാണെങ്കിൽ അതിനുപകരം, ആ സ്ഥാനത്തേക്കു ഒരു ഗ്രാഡുവേറ്റിനെത്തന്നെ നിയമിക്കാൻ ഇപ്പോൾ പ്രയാസമില്ല. എന്നാൽ പഴക്കവും പരിചയവും ഉള്ള അദ്ധ്യാപകന്മാർ തുടർന്നു വിട്ടുപോയിക്കൊണ്ടും പുതിയ-പുതിയ അദ്ധ്യാപകന്മാർ വന്നുകൊണ്ടുമിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ഒരു സ്കൂളിന്റെ സ്ഥിതി ഒരിക്കലും ശോഭനമായിരിക്കയില്ല. പകരം ആറാം വയ്ക്കാൻ താമസിച്ചുവെങ്കിൽ ഇൻസ്പെക്ടർ കോപിക്കും. ഉടനടൻ ആറാം നിയമിക്കാൻ നിർബന്ധിതനായി തീരുന്നതിനാൽ മാനേജർ കുഴയും. കായ്ക്ഷമതയുടെ കായ്പും പിന്നെ പറയേണ്ടതുമില്ലല്ലോ. ഈ നിലയ്ക്ക് ഗ്രാന്റുസ്കൂളുകളുടെ ശ്രേയസ്സിനെ ബാധിക്കുന്നതുകൊണ്ടാണ് മുൻ പറയപ്പെട്ടതുപോലെ സർക്കാർ പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരെ പ്രവേശിപ്പിക്കുന്നതിനുള്ള പ്രാരംഭടെയിനിംഗ് സ്ഥാപനമായി അംഗീകൃതപാഠശാലകളെ രൂപാന്തരപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഇതുയും പറഞ്ഞതുകൊണ്ട്, ചിലകാലങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ പ്രത്യേകസ്ഥാനങ്ങളിലേക്ക്, പ്രത്യേകചിലകാരണവശാൽ ഒന്നോ അധികമോ അദ്ധ്യാപകന്മാരെ സർവീസിലേക്ക് എടുക്കുന്നതുകൊണ്ട് തരക്കേടില്ല. അതിനു് ഇപ്പോഴും പ്രതിബന്ധവുമില്ല. എന്നാൽ ഈ സമ്പ്രദായത്തെ ഒരു അവകാശമാക്കി വയ്ക്കുന്നപക്ഷം ക്രമേണ പ്രൈവറ്റു സ്കൂളുകളും നശിച്ചുപോകുന്നതിനുതന്നെ ഇടയായേക്കാം എന്നാണു എന്റെ മുഖ്യമായ സംശയം.

അദ്ധ്യാപകന്മാക്ക് നാമകരണപ്പെടാവുള്ള ലൈസെൻസ്സ് അവക്കു ഒരു വയസ്സു തികഞ്ഞാൽ ക്യാൻസൽചെയ്യപ്പോരുന്നുണ്ടല്ലോ. എന്നാൽ കുറച്ചുകാലത്തിനുമുൻപു് മലയാളംസ്കൂൾ വാദ്ധ്യാന്മാക്ക് നാലു വയസ്സുവരെ സർവ്വീസിൽ ഇരിക്കാം എന്നു വിവരിച്ചു ഒരു സക്കുലർ ഉണ്ടായിട്ടുണ്ട്. കോഡിലെ ലൈസൻസിനുള്ള വ്യവസ്ഥയും, മേൽ പറയപ്പെട്ട സക്കുലറും തമ്മിൽ തീരെ യോജിക്കുന്നില്ല. കോഡ് പെട്ടെന്നു മാറാൻ കഴിവില്ലാത്ത ഒരു പ്രമാണമാണ്. ആ സ്ഥിതിക്ക് അതിനെതിരായി ഒരു സക്കുലർ ഉണ്ടായതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ ചട്ടത്തിനെതിരായ സക്കുലർകഥം പുറപ്പെടുവിക്കുന്നതു് ഒരിക്കലും നീതീകരിക്കപ്പെടുവാൻ പാടില്ല. അതു് ആരുടെ അധികാരം ഉപയോഗിച്ചു നിർമ്മിക്കപ്പെട്ടതായാലും തെറ്റാണ്. ഒന്നുകിൽ ഒരു വയസ്സിൽതന്നെ അദ്ധ്യാപകന്മാരെ പിരിച്ചുവിടണം. അല്ലെങ്കിൽ കോഡിലെ ഇതിനനുകൂലമല്ലാത്ത വ്യവസ്ഥകഥം പാടെമാറേണ്ടതാണ്.

ഇരുപതു വർഷത്തിനു മുമ്പാണ് എഡ്യൂക്കേഷൻ കോഡുണ്ടായതു്. അതിലെ പല വ്യവസ്ഥകളും പ്രായോഗികങ്ങളല്ലാതെ തീർന്നിരിക്കാം. എങ്കിലും ശക്തിയിലിരിക്കുന്ന നിയമങ്ങളെ അനാദരിക്കാവുന്നതല്ലല്ലോ. അതിനാൽ കോഡിലുള്ള വ്യവസ്ഥകഥംക്കെതിരായി ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള സക്കൂലുകളെ ഭേദപ്പെടുത്തേണ്ടതു് എത്രയും ആവശ്യമാണു്. അല്ലെങ്കിൽ കോഡുതന്നെ മാറി എഴുതണം.

പ്രൈവറുസ്കൂൾ മാനേജരന്മാർ അദ്ധ്യാപകന്മാരെ ബോധിച്ചതുപോലെ പിരിച്ചുവിടുന്നു എന്നു ഇവിടെ പരാതിപ്പെടുന്നു. ഭരണാധികാരമില്ലാതെ വരുന്ന അദ്ധ്യാപകന്മാരെ പിരിച്ചുവിടാനുള്ള അവകാശം മാനേജർമാക്കു ഉണ്ടായിരിക്കേണ്ടതുതന്നെയാണു്. അകാരണമായി അവർ വാദ്ധ്യാന്മാരെ പിരിച്ചുവിടാതെയിരിക്കണം. അതിനു് മാനേജർമാരുടെ അധികാരാവകാശങ്ങൾ കുറക്കുകയല്ല വേണ്ടതു്. രാജ്യത്തിലെ ചട്ടങ്ങൾക്കനുരൂപമായി, സ്വതന്ത്രമായി, ഒരുപൊതുസ്ഥാപനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു ഭരണാധികാരിക്കു് അതിനനുയോജ്യമായ അധികാരാവകാശങ്ങൾകൂടി കൂടാതെ കഴിയുകയില്ല. അതിനാൽ അദ്ധ്യാപകന്മാർ ശരിയായ വ്യവസ്ഥയോടുകൂടി ജോലിയിൽ പ്രവേശിച്ചുകൊള്ളുന്നതുതന്നെ ഉചിതമായിരിക്കും. ഇതിനുംപുറമെ പ്രാവിഡൻറുഫണ്ടു നിർബന്ധിതമാക്കണം. അപ്പോൾ അദ്ധ്യാപകനും മാനേജക്കും പരസ്പരമുള്ള ബന്ധം ദൃഢതരമാകും. ഗവണ്മെൻറിനോടും ഇരുകൂട്ടക്കും ഒരു കടപ്പാടു നേരിടുന്നതാണു്. അതുനിമിത്തം പിരിഞ്ഞുപോകാനും പിരിച്ചയക്കുവാനും ഇരു ഭാഗക്കാക്കും മടിയും, സ്വാതന്ത്ര്യക്കുറവും ഉണ്ടാകുന്നതാണു്.

MR. N. K. KRISHNA PILLAI (*Neyyattinkara*): അദ്ധ്യാപകന്മാക്കു കൊടുക്കേണ്ട മുഴുവൻശമ്പളവും മാനേജരന്മാർ കൊടുക്കുന്നുണ്ടോ?

MR. A. C. KURIAKOSE (*Minachil cum Devicolam*): എൻെറ അറിവിൽ പെട്ടിടത്തോളം മുഴുവൻ ശമ്പളവും കൊടുക്കുന്നുണ്ടു്. ചിലപ്പോൾ കൂടുതൽ ശമ്പളവും കൊടുക്കുന്നുണ്ടു്. ഇതിനും പുറമെ, മുൻകൂറായി രണ്ടോ മൂന്നോ മാസത്തെ ശമ്പളംപോലും അഡ്വാൻസായി കൊടുത്തുകൊണ്ടിരിക്കുന്ന മാനേജർമാരും ഉണ്ടു്. രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വരുന്ന പ്രതിനിധികൾ അവരവരുടെ താലൂക്കിലോ പ്രദേശങ്ങളിലോ അനുഭവപ്പെടുന്ന ന്യൂനതകളെ രാജ്യം ഒട്ടുക്കുള്ളതായി സങ്കല്പിച്ചു് വിമർശിക്കാറുണ്ടു്. അതുകൊണ്ടാണു് അഭിപ്രായാന്തരങ്ങൾക്കിടയാകുന്നതു്. ഏതായാലും ചിലരിൽ കാണുന്ന വീഴ്ചകളെ രാജ്യം ഒട്ടുക്കു ആചരിച്ചുവരുന്ന മുറയായി സങ്കല്പിച്ചു നിരൂപണം ചെയ്യുന്നതായാൽ അതു നിമിത്തം തകരാറുകൾ നേരിടുവാൻ ഇടയുള്ളതാണു്. ശരിയായി ശമ്പളം കൊടുക്കാത്ത മാനേജർമാരുടെ മാനേജ്മെൻറു പാടെ റെദ്ദുചെയ്യാവുന്നതാണു്. അതല്ലാതെ എല്ലാപേരെയും ഒരുപോലെ കുറ്റംപറയുന്നതു ശരിയായിരിക്കുകയില്ല. ഗവണ്മെൻറു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

സ്കൂൾ അദ്ധ്യാപകന്മാക്കെന്നതുപോലെ അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാക്കും ശരിയായ ഒരു രീതിയിൽ ശമ്പളം നൽകിക്കൊണ്ടിരിക്കത്തക്കതുപോലെ ഏർപ്പാടു ചെയ്യുന്നതുകൊള്ളാം. അതിലേക്കു എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിടുമെന്നുമാത്രം എനിക്കു രൂപമില്ല.

ഇംഗ്ലീഷ് മലയാളം അംഗീകൃത പാഠശാലാദ്ധ്യാപകന്മാക്ക് പ്രാവിഡൻറുഫണ്ടു് കൊടുത്തു കൊണ്ടിരിക്കേണ്ടതാവശ്യമാണു്. ഇപ്പോൾ മാനേജർമാർ ഇഷ്ടാനുസരണം പ്രാവിഡൻറുഫണ്ടു് കൊടുത്തോ കൊടുക്കാതേയോ അദ്ധ്യാപകന്മാരെ വച്ചുകൊണ്ടിരിക്കുന്നു. തൽക്കാലവ്യവസ്ഥകൾകൊണ്ടു അതുമാനേജർമാരുടെ യുക്തമെന്നേയുള്ളൂ. ഇതുപോരാ. അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാക്കും ശമ്പളത്തിനു് പ്രമാണരൂപമായ ഐകരൂപ്യവും; എല്ലാ അംഗീകൃതപാഠശാലാദ്ധ്യാപകന്മാക്കും നിർബ്ബന്ധിതമായ വിധത്തിൽ പ്രാവിഡൻറുഫണ്ടിൻറെ ആനുകൂല്യവും ലഭിക്കുവാൻ തക്കവ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

രാജ്യത്തിലെ വിദ്യാഭ്യാസസ്ഥിതി വർദ്ധമാനമായി ഉയർത്തിബഹുജനാദരവിനും ജനസമുദായ വിദ്യാഭ്യാസത്തിനും കഴിവുള്ള ഒത്താശകൾ ചെയ്തുകൊണ്ടിരിക്കുന്ന മാനേജർമാരെ ശരിയായ വിധത്തിൽ പ്രോത്സാഹിപ്പിക്കുകയാണു് വേണ്ടതു്. അവരെ സഹായിക്കുന്നതുകൊണ്ടു മാത്രമേ ഇനി വിദ്യാഭ്യാസാവശ്യം നിറവേറുവാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസച്ചിലവുവളരെ വർദ്ധിച്ചുപോയി. ഇനിയും ഈവകയ്ക്കു് കൂടുതൽ കൂടുതൽ പണം ചിലവാക്കുന്നതു് ബുദ്ധിപൂർവ്വമായ നയമായിരിക്കയില്ല. അതിനാൽ ഇനി വിദ്യാഭ്യാസച്ചെലവു് അധികരിക്കാതെ ഇരിക്കത്തക്കവണ്ണം ഉള്ള പരിഷ്ക്കാരങ്ങളാണു് ഏർപ്പെടുത്തേണ്ടതു്. അതിലേക്കു മാനേജ്മെൻറിനെ പ്രോത്സാഹിപ്പിക്കയും, ഗവണ്മെൻറു നേരിട്ടുനടത്തുന്ന വിദ്യാലയങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാതെ അവസരോചിതമായി അവയുടെ സംഖ്യയെ ക്രമേണ കുറച്ചുകൊണ്ടുവരികയുമാണു വേണ്ടതു്.

ജനങ്ങളെ വെറുപ്പിക്കുന്ന ഒരു വ്യവസ്ഥ അടുത്തകാലത്തു് ഉണ്ടായിട്ടുണ്ടു്. പാഠശാലകൾ കെട്ടിച്ചു അകസാമാനങ്ങളോടുകൂടി വിട്ടുകൊടുത്തു് ഗവണ്മെൻറുവകയായി സ്കൂൾ നടത്തിക്കുന്ന സ്ഥലങ്ങളും പ്രദേശങ്ങളും തിരുവിതാംകൂറിൽ സുലഭമാണു്. ആതരം പള്ളിക്കൂടങ്ങൾ സ്കൂൾ നടത്തിപ്പിനു വിഘാതമാകാത്ത വിധത്തിൽ പൊതുജനയോഗങ്ങൾക്കു വിട്ടുകൊടുക്കുക പതിവുണ്ടായിരുന്നു. എഡ്യൂക്കേഷൻകോഡിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു പ്രത്യേക വ്യവസ്ഥതന്നെ ഉണ്ടു്. ഇതൊന്നും നോക്കാതെ കോഡിനു വിപരീതമായി ഒരു സർക്കുലർ അടുത്തകാലത്തു പുറപ്പെടുവിച്ചിട്ടുണ്ടു്. അതു് പരസ്പര ധനസഹായസംഘങ്ങൾക്കല്ലാതെ സ്കൂൾ കെട്ടിടം വിട്ടുകൊടുക്കരുതെന്നുള്ളതാണു്. ഇതെത്ര കഷ്ടതരമാണു്. സമാധാന ജീവിതം നയിക്കുന്നവരും, രാജഭക്തന്മാരുമായ ജനങ്ങൾ, പൊതുജനാവശ്യത്തിനായി വല്ല യോഗങ്ങളും നടത്തുവാൻ ഒരു സ്കൂൾകെട്ടിടം ചോദിച്ചാൽ പ്രവർത്തകന്മാരിൽ ചുമതലയുള്ള ഒന്നോ രണ്ടോപേരെക്കൊണ്ടു് എഴുതിവയ്പിച്ചുകൊണ്ടെങ്കിലും കെട്ടിടം വിട്ടുകൊടുക്കുന്നതിൽ എന്താക്ഷേപമാണുള്ളതു്? മുൻ പറയപ്പെട്ടതുപോലെ സ്കൂൾ കെട്ടിടം പ്രായേണ ജനങ്ങൾ കെട്ടിച്ചതായിരിക്കുമ്പോൾ, ഇങ്ങനെയുള്ള തടസ്സങ്ങൾ ചെയ്താൽ ജനങ്ങൾക്കു് എത്ര നൈരാശ്യവും സങ്കടവും തോന്നാം. ഈ തരം വ്യവസ്ഥകൾ നാട്ടിനു പറ്റിയതല്ല. ഈ വ്യവസ്ഥയെ പാടെത്തന്നെ ഒഴിപ്പിക്കേണ്ടതാവശ്യമാണു്.

വിദ്യാഭ്യാസവിഷയത്തിൽ പല പരിഷ്കാരങ്ങളും പലരും നിർദ്ദേശിച്ചു. ഇതുസകലരുടേയും ശ്രദ്ധയെ ആകർഷിക്കുന്ന മുഖ്യമായ ഒരു വിഷയമായിത്തീർന്നിട്ടുണ്ടു്. ഗവണ്മെൻറു വർണാക്കുലർ സ്കൂളുകളെ പ്രൈവറുമാനേജുമെൻറിനു വിട്ടുകൊടുക്കുന്ന നയം നല്ലതാണു്. എങ്കിലും അതു ക്രമേണയേ സാധിക്കയുള്ളൂ. മാനേജ്മെൻറൽ സ്കൂളുകളെ പ്രോത്സാഹിപ്പിക്കണം. ഗ്രാൻറുവിഷയത്തിൽ പരിഷ്കാരത്തിൽ താരതമ്യേന കുറവുവരുത്തി. ഇതു ശ്രദ്ധിച്ചു പരിഹരിക്കേണ്ടതാണു്. മാനേജുമെൻറൽ സ്കൂളുകളിലെ അദ്ധ്യാപകന്മാരെ ഗവണ്മെൻറു സർവീസിൽ നിയമിക്കണം എന്നൊരു നയം സ്വീകരിക്കാൻ പാടില്ല. ഇങ്ങിനെ നിയമിക്കുന്നതിനു ഇപ്പോഴുള്ള വ്യവസ്ഥകൾ തടസ്സവുമല്ല. അംഗീകൃതപാഠശാലകളെ അധഃപതിപ്പിക്കുന്ന ഒരു നയം തുടരരുതാത്തതാണു്. വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസത്തിനു മാനേജ്മെൻറൽ സ്കൂളുകളെ പ്രോത്സാഹിപ്പിക്കയാണുവേണ്ടതു്. വിദ്യാഭ്യാസാവശ്യത്തിനു ഇപ്പോഴത്തേതിലധികം പണം ചിലവാക്കാൻ പാടില്ല. ബുദ്ധിപൂർവ്വമായി ശ്രമിച്ചു പണച്ചിലവു കുറയ്ക്കാൻനോക്കണം. മാനേജർമാരുടെ അധികാരാവകാശങ്ങളെ ബാധിക്കരുതു്. ഏതു തരം അംഗീകൃതപാഠശാലകളിലും പ്രാവിഡൻറുഫണ്ടു് നിർബന്ധിതമാക്കുകയും, ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്രമത്തിനു ഐകരൂപ്യം വരുത്തുകയും വേണം. എന്നിങ്ങനെ പ്രത്യേക ശ്രദ്ധയിൽ പെടേണ്ട പല കാര്യങ്ങളും ഇവിടെ ഞാൻ പ്രസ്താവിച്ചു. ൪൫ വയസ്സിനുശേഷം അദ്ധ്യാപകലൈസൻസ് ഉണ്ടായിരിക്കാൻ വി

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. C. Kuriakose.]

ദ്യാഭ്യാസ ചട്ടം അനുവദിക്കാതെയിരിക്ക, വെർണാക്കുലർസ്കൂൾ അദ്ധ്യാപകന്മാരെ, നു 0 വയസ്സുവരെ ഉദ്യോഗത്തിൽ വയ്യാം എന്നുള്ള സ ക്കുലർ അനധികൃതമായതാകയാൽ ഭേദപ്പെടുത്തേണമെന്നു് പറകയുണ്ടായി. കെട്ടിടങ്ങൾ കെട്ടിച്ചുകൊടുത്തു് ഗവണ്മെൻറു പാഠശാലകൾ നടത്തുവാൻ സഹായിച്ചിട്ടുള്ള ജനങ്ങൾക്കു ന്യായമായ ആവശ്യത്തിനു പോലും കെട്ടിടം അനദ്ധ്യയനദിവസങ്ങളിൽ വിട്ടുകൊടുക്കാതേയിരിക്കത്തക്കവണ്ണം വ്യവസ്ഥചെയ്തതിനെ ഭേദപ്പെടുത്തണമെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു. വിദ്യാഭ്യാസചട്ടം പരിഷ്കരിച്ചും കായ്ക്ഷമതയ്ക്കു ഹാനികരമല്ലാത്ത വിധത്തിൽ വിദ്യാഭ്യാസവർദ്ധനവിനു സഹായിച്ചും നാട്ടിനു ശ്രേയസ്സുവും ജനങ്ങൾക്കു തൃപ്തിയും വർദ്ധിപ്പിക്കേണ്ടതിനു ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ധാരാളമായി ശ്രദ്ധചെലുത്തേണ്ടതു് എത്രയും ആവശ്യമാണു് എന്നുള്ള എൻെറ അഭിപ്രായത്തേയും പ്രകാശിപ്പിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

The Council adjourned at 5-15 P. M. to meet again at 11-30. A. M. the next day.

P. N. KRISHNA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly